2012 ഏപ്രിൽ 12 മുതൽ മെയ് 11 വരെ   വില 10രൂപ

മാസിക

# നക്ഷത്രരാജ്യം




യു. എ. ഖാദർ (കഥ)

യു. കെ. കുമാരൻ (കഥ)

കെ. പി. സുധീര (കഥ)


ഇ. വാസു (സംസാരം)

എ. എസ്. കുമാർ (കഥ)

സുകുമാർ കുർക്കഞ്ചേരി (ലേഖനം)

ശ്രീധരനുണ്ണി (കവിത)


വിഷു ആശംസകൾ





മുഖചിത്രം
**അസിൻ**

**ഇ. വാസു**
**ഇയ്യങ്കോട് ശ്രീധരൻ**
**മഞ്ഞപ്ര ഉണ്ണികൃഷ്ണൻ**
**ഭാസി മലാപ്പറമ്പ്**

Nakshathra Rajyam
(Monthly Magazine)
2012 April 12 - May 11
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher & Owned by
**Nakshathrarajyam** E. Radhakrishnan

NAKSHATHRA RAJYAM
24/1704 (A), Raj Building,
Byepass Road,
Mankave, Kozhikode - 7
Kerala, India.
Mob: 9744233997
9847649567
email: nakshathrarajyam@gmail.com
Layout:
BHAVANA GRAPHICS, Tali
Inside Art:
GIREESH MOOZHIPADAM
Cover
Amina Creations, Palazhi, Clt.
Price 10.00

**എഡിറ്റോറിയൽ**



# വിഷു

2012 മേടം 1. കേരളത്തിൽ വീമൊരു വിഷുദിനം സമാഗതമാവുകയാണ്. വിലക്കയറ്റവും, രാഷ്ട്രീയ പാർട്ടികളിലെ ചേരിപ്പോരും മുന്നണി സംവിധാനത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ചേരിപ്പോരും കൊ് കലുഷിതമാണിന്ന് കേരളസംസ്ഥാനം. അതുകൊ് തന്നെ കേരളം ഭരിക്കുന്ന സർക്കാറിന് സാധാരണ ജനങ്ങളുടെ പരാതീനതകൾ പരിഹരിക്കാൻ സമയമില്ലാതായിരിക്കുന്നു. 5-ാം മന്ത്രിസ്ഥാനവും, അനൂപ് ജേക്കബ്ബിന്റെ മന്ത്രി പദവിയും, ആർ. സെൽവരാജിന്റെ രാജിയോടനുബന്ധിച്ചുള്ള പുതിയ തെരഞ്ഞെടുപ്പ് തന്ത്രവും ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കാൻ മാരത്തോൺ ചർച്ചകളിൽ ഏർപ്പെട്ട് ഗവർമ്മേും - ഗവർമ്മേിനെ വരച്ച വരയിൽ നിർത്താൻ ആധിപത്യം നേടാനുള്ള അടവുകളും തന്ത്രങ്ങളും പയറ്റുന്ന മുന്നണി സംവിധാനവും.

കേരളത്തിലെ സമസ്ത മേഖലകളിലും ഒരു മുരടിപ്പുന്നെ കാര്യം ആർക്കും നിഷേധിക്കാനാവില്ല. ഇത്തരം ഭരണപരമായ കാര്യങ്ങൾ പരിഗണിച്ചുകൊ് വിഷു ആഘോഷം പിന്നീട് ഒരു ദിവസത്തേക്കാക്കാനും പറ്റില്ലല്ലോ കേരളത്തിലെ സാധാരണ ജനങ്ങൾക്കും തൊഴിലാളി കുടുംബാംഗങ്ങൾക്കും. എല്ലാവർഷവും മേടം 1 ന് വിഷുവന്നുകൊയേിരിക്കും. ഓണവും, പെരുന്നാളും, ക്രിസ്തുമസ്സും വർഷാവർഷം അതാത് സമയങ്ങളിൽ തന്നെ വന്നു കൊിരിക്കും.

മത്സ്യത്തൊഴിലാളികളെ വെടിവെച്ചുകൊന്ന ഇറ്റലിക്കാരായ കൊലപാതകികളുടെ കാര്യത്തിൽപോലും ലോകമര്യാദകളുടേയും നിയമത്തിന്റേയും പക്ഷം ചേർന്ന് ഭരണസംവിധാനത്തിന്റെ അന്തസ്സ് നിലനിർത്താൻ യാതൊരു മടിയുമില്ലെന്ന് മാലോകരെ അറിയിക്കാൻ രാഷ്ട്രീയ പാർട്ടികൾ ഭരണ സംവിധാനത്തിലിരുന്നു വെമ്പുമ്പോഴും, തദവസര കാലഘട്ടത്തിൻ കീഴിൽ ഏത് നിറത്തിന്റെ അനുഭാവ രാഷ്ട്രീയകാരായിരുന്നാലും ഒരു പറ്റം സാധാരണ ജനങ്ങൾ അവരുടെ ജീവിത നാളുകളിലെ ഓരോ വർഷത്തേയും വിഷുവും, ഓണവും, പെരുന്നാളും, ക്രിസ്തുമസ്സും സമൃദ്ധിയായി ഉും ഉടുത്തൊരുങ്ങിയും സന്തോഷിച്ചും ജീവിക്കണമെന്നുള്ള അവരുടെ ചെറിയ ചെറിയ മോഹങ്ങളെ താലോലിക്കുന്നത് അതിമോഹമാണോ എന്നു ഭരണകർത്താക്കൾ ചിന്തിക്കേതാണ്.

അതോടൊപ്പം കേരളത്തിലെ ജനങ്ങൾക്ക് സുഭിക്ഷമായും സന്തോഷമായും സമൃദ്ധിയോടും ഓണവും, വിഷുവും, പെരുന്നാളും, ക്രിസ്തുമസ്സും വർഷംതോറും കൊാടുന്നതിനുള്ള സാഹചര്യവും സ്ഥിതിയും സംജാതമാവുകയും വേണം. ഇത്തരം ജനോപകാര പ്രവർത്തനങ്ങൾക്ക് പ്രഥമസ്ഥാനം നൽകിക്കൊുള്ള കർമ്മ പദങ്ങളിൽ കൂടി ഭരണചക്രം ഉരുട്ടുന്നവർ ഭരണനേതൃത്വനിരയിൽ പ്രകാശിക്കുകയും ജനങ്ങളതിനെ അംഗീകരിക്കപ്പെടുകയും ചെയ്യുമാറാകട്ടെയെന്നു നമുക്കു ഇനി വരുന്ന നാളുകളിലെങ്കിലും പ്രത്യാശിക്കാം.

കേരളത്തിലെ ജനങ്ങളുടെ വിഷുവിനും ഓണത്തിനും പെരുന്നാളിനും ക്രിസ്തുമസ്സിനും എല്ലാവർഷവും വിലകുറച്ച് മാർക്കറ്റിലെ ഏറ്റവും മുന്തിയ അരി 5 സഴ ഉൾപ്പെട്ട ഒരു കിറ്റ് സൗജന്യമായി നൽകുന്നതിനുള്ള ജനകീയമായ ഒരു പദ്ധതിക്ക് ഗവർമ്മേ് നടപടിക്രമങ്ങൾ നടത്തുന്നത് നന്നായിരിക്കും. ഇതിനുള്ള മൂലധനമായി വർഷാവർഷം കോടിക്കണക്കിനു രൂപ പരസ്യം നൽകി തങ്ങളുടെ ഉല്പന്നങ്ങളെ മേന്മയുടേയും വിലക്കുറവിന്റെയും വക്താവായി ജനശ്രദ്ധയാകർഷിച്ച് കോടിക്കണക്കിനു രൂപ ലാഭമുാക്കുന്ന കോപ്പറേറ്റ് കമ്പനികളും, വർഷം 2 ലക്ഷം രൂപയെങ്കിലും പരസ്യത്തിനു വേി ചിലവിടുന്ന ചെറുകിട ഉല്പാദകരും, വിതരണക്കാരും മൊത്തം ചിലവിടുന്ന പരസ്യ തുകയ്ക്ക് ചെറിയ ഒരു ശതമാനം നികുതി സർക്കാറിലേക്ക് മുതൽക്കൂട്ടാക്കണമായിരിക്കും. ഇതിന് പുറമെ സൗജന്യ കിറ്റുവിതരണം സുതാര്യമാവുന്നതിനും കുപ്രസിദ്ധമാവാതിരിക്കുന്നതിനും സർവ്വമത സ്നേഹിയും സത്യസന്ധതയുടെ വിളനിലവുമായ ഒരു ജഡ്ജിയുടെ കീഴിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഓരോ നോമിനിയും മേൽനോട്ടത്തിനുള്ള ഹൈപവർ കമ്മറ്റിയായ കേരളത്തിലെ എല്ലാ കാർഡുടമകൾക്കും റേഷൻ ഷാപ്പുകളിൽ കൂടി തന്നെ വിതരണം ചെയ്യാൻ നടപടികളുാവാൻ ഉദ്ബോധനമുാവട്ടെയെന്നുകൂടി പ്രാർത്ഥിക്കാം നമുക്ക്.

മാനേജിംഗ് എഡിറ്റർ

കഥ

# മണൽചൂടിൽ ജീവിതം



യു.എ.ഖാദർ

കോലായ തിണ്ണയിലിരുന്നാൽ, ഉച്ചവെയിലേറ്റ് വെട്ടിത്തിളങ്ങുന്ന പൂഴിമണലാണ് നോക്കെത്താവുന്ന ദൂരത്തോളം കാണുക. മണലാരണ്യത്തിൽ ഒറ്റപ്പെട്ട ഒരു നിഴലാണ് ഈ കുടിലെന്നോർത്ത് ഒരിക്കലും ദുഃഖിച്ചിട്ടില്ല.ആ കുടിലിന്നകത്ത് അന്തിയുറങ്ങുന്ന എട്ടു മനുഷ്യപിറവികളുടെ വേദനകളെ കുറിച്ചുള്ള ചിന്ത ഹൃദയത്തിൽ വളർത്തിയ കുറ്റ ബോധത്തിന്റെ കരിനിഴൽ എല്ലാ ദുഃഖങ്ങളും മൂടിപ്പോവുന്നു. തീകനലുകളെ മൂടിക്കിടക്കുന്നചാരം.

പണിയില്ലാത്ത ദിവസങ്ങളിൽ കോലായ തിണ്ണയിൽ, കത്തിക്കാളുന്ന ഉച്ചവെയിലിലേയ്ക്ക് കണ്ണും നട്ടു കൂനിയിരിക്കുമ്പോൾ കുടിലിനകത്തു അള്ളിപ്പടരുന്ന വിശപ്പ് പല്ലിറുമ്മി



യെങ്കിലും സഹിക്കാം. കാരണം താൻ രക്ഷകർത്താവാണ്. അഭയവും അവലംബവുമായി കരുതുന്ന മനുഷ്യജീവികളുടെ കാര്യം, എല്ലാം സഹിക്കുവാനുള്ള കരുത്ത് തനിക്കുാകണം. അവർ തളർന്നു വീഴുമ്പോൾ താങ്ങേ കരങ്ങൾ... അയാൾ എല്ലിച്ച കരങ്ങളിലേയ്ക്കും വാരിയെല്ലുകൾ എഴുന്നു നിൽക്കുന്ന മാറിലേയ്ക്കും നോക്കി നെടുവീർപ്പിട്ടു. ഭാരം പേറി തളർന്ന ചുമട്ടുകാരൻ അത്താണിയന്വേഷിച്ച് മണലാരണ്യത്തിലൂടെ അലയുന്നു. ചെയ്തുപോയ തെറ്റുകളെ കുറിച്ചോർത്തു ദുഃഖിക്കുന്നു.

നല്ലെണ്ണയുടെയും വെള്ളുള്ളിയുടെയും നാറ്റം തളം കെട്ടിയ ഇരുട്ടിൽ, അകത്തൊരുത്തിയും ഇങ്ങനെ വിശപ്പുസഹിച്ചു കിടക്കുകയാണെന്നോർക്കുമ്പോഴാണ് തളരുന്നത്. അവൾക്ക് എന്തെങ്കിലും കഴിക്കണം. പെറ്റ വയറിനു മൂന്നു നേരമെങ്കിലും ചോറുവേണമെന്ന് കുട്ടിക്കാലത്ത് കേട്ടിരുന്നു. എന്നാൽ ഒരു നേരമെങ്കിലും അവൾക്ക് അന്നം നല്കാനുള്ള ശ്രമത്തിലാണ്. മൂന്നുനേരം ഉണ്ണുക- മനസ്സിൽ, അഴുക്കുമണം ഉയരുന്ന, കീറത്തുണി തൂങ്ങിനിൽക്കുന്ന ഇരുട്ടാണ്. ആ ഇരുട്ടിൽ പഴകിയ തുണികഷ്ണങ്ങളുടെ കൂടെ പൊളിഞ്ഞ കട്ടിലിൽ അവൾ കിടക്കുന്നു. ഊണിനെകുറിച്ചോർത്തപ്പോൾ അവളുടെ മുമ്പിൽ വിളമ്പിയ കിണ്ണത്തിലെ ചോറാണ് കാണുന്നത്. സഫലീകരിക്കപ്പെടാത്ത സ്വപ്നംപോലെ.... .

മുറ്റത്തെ ചൂടുള്ള മണലിൽ, വേലിയുായിരുന്ന അതിരിൽ, പണ്ടോ വെച്ചിരുന്ന തെങ്ങിൻതൈകൾ; കൈകാലുകൽ നേർത്ത പട്ടിണിപ്പേക്കോലങ്ങളെപ്പോലെ വര കാറ്റിൽ ഇളകുന്നത് അയാൾ നോക്കിഃ ഒരു കുടം വെള്ളം പോലും അവയുടെ കടയ്ക്കൽ നനക്കാൻ കഴിയുന്നില്ല. ഈ മണൽപറമ്പിൽ അവ കൊഴുത്തു വളരണമെങ്കിൽ വെള്ളവും വളവും ശരിക്കു നൽകണം. അയാൾ ആലോചിച്ചു ആരായാലും കൊഴുത്തുവളരണമെങ്കിൽ വെള്ളവും വളവും വേണം.

ഇരുട്ടിൽ, ഓലപ്പായയിൽ, അമ്മയുടെയരികെക്കിടന്ന് മുലചപ്പാൻ ഉഴറുന്ന ഉണങ്ങിയ ആ കൊച്ചു ചിറികളെക്കുറിച്ചും അപ്പോഴോർത്തുപോയി. ആ ചുകൾ നനയാൻ പോലും അവളുടെ മുലയിൽ പാലുാവില്ല. പെറ്റവയർ നിറഞ്ഞാലെ എല്ലാം ഉാവൂ പെറ്റവയറിനു മൂന്നുനേരമെങ്കിലും ചോറുവേണമെന്നു കുട്ടിക്കാലത്തു തന്നെ അറിയാം. പക്ഷെ പരാതീനതകൾ സംഗതികൾ അറിയാത്തതുകൊ് സംഭവിച്ചതല്ലല്ലോ.

കിണ്ണം നിറയെ ചോറുമായി ആ ഇരുട്ടിലേക്ക് കടന്നുചെല്ലാൻ അയാൾ മോഹിച്ചു എന്നിട്ട് പത്മിനി, നീ ഇത് വാരിയുണ്ണൂ-നിന്റെ ശരീരം

വല്ലാതെ തകർന്നിരിക്കുന്നു എന്നു പറയണമെന്നും അയാൾക്കു തോന്നി. പക്ഷെ അത് അവൾക്ക് വാരിയുണ്ണാൻ സാധിക്കുകയില്ല. കാരണംഅവളുടെ മനസ്സിൽ പള്ളിക്കൂടത്തിലെ ചെറിയബെഞ്ചിലിരുന്ന്, ഉച്ചനേരത്ത് ലഭിക്കാനിരിക്കുന്ന റവയുടേയും പാലിന്റെയും കാര്യം ഓർത്ത്, നേരം വയറു പിഴിഞ്ഞു നീക്കുന്ന മക്കളാണുള്ളത്. സ്കൂളിൽ ചേർത്തിട്ടില്ലെങ്കിലും രു വയസ്സായ മോനും, മൂന്നുവയസ്സായ മോളും ഏട്ടൻമാരോടൊപ്പം സ്കൂളിലേക്ക് പോകുന്നു. ഏട്ടൻമാരുടെ ഓഹരിയിൽ പങ്കുപറ്റാൻ. അടുക്കള ചളിയിൽ നീന്തി പുളയ്ക്കുന്ന ചെറിയ മോനേയും എടുത്തുകൊ പോകാൻ ഒരിക്കൽ പറയുകയൂായി. അന്നു കണ്ണും നിറച്ച് നിൽക്കുന്ന മൂത്ത മകനെ കപ്പോൾ ആദ്യം ശുണ്ഠിയാണ് വന്നത് അവനോട് കയർക്കുകയും ചെയ്തു.

എന്താ വാസൂനെ കൊ പോയാലൊരു കുറച്ചില്. അവൻ അവിടെ ക്ലാസ്സിൽ നിന്റെ ബെഞ്ചിന്റെ ചോട്ടിലിരുന്നോളും. കൊ ു പൊക്കോ–?

അവൻ കരയുകയായിരുന്നു അച്ഛന്റെ എല്ലിച്ച കൈ കാൽ തുടയിൽ പതിയുമ്പോൾ സഹിക്കാനാവുകയില്ല. എങ്കിലും പറഞ്ഞു:

കുട്ടികൾ കളിയാക്കും–

കുട്ടികൾ കളിയാക്കുമത്രേ ചെറിയപൈതലിനെ എടുത്തുകൊവന്നിരിക്കുന്നതു ഉച്ചയ്ക്കുള്ള റവയും പാലും മോഹിച്ചാണെന്നു കളിയാക്കുമത്രേ. വിശപ്പാണെങ്കിലും അതൊന്നും ഇന്നും മക്കൾക്ക് സഹിക്കാവുന്ന സംഗതികളായിട്ടില്ല. തുടർന്ന് അന്നവനെ നിർബന്ധിച്ചില്ല. എങ്കിലും ഇളയമകൻ അവന്റെ രിളയതിനെയും കൂട്ടി ഒന്നാംക്ലാസ്സിൽ ചെന്നിരിക്കാറു്. ഉച്ചയ്ക്ക് ചാത്തു മാസ്റ്ററുടെ പറമ്പിലെ പുളിമരച്ചോട്ടിൽ അവൻ അനുജനേയും അനുജത്തിയേയും കൊുചെന്നുനിർത്തും. സ്കൂളിൽ പേര് വിളിക്കുന്ന കുട്ടികൾക്കേ പാലു കൊടുക്കാൻ പാടുള്ളൂ. അവന്റെ പേര് വിളിച്ചാൽ ഇലയിൽ റവയും, പാട്ടയിൽ പാലും വാങ്ങും. ഒരുനുള്ളു റവയും ഒരിറ്റ് പാലുംമാത്രം കുടിച്ച് അധ്യാപകർ കാണാതെ അവൻ പുളിമരച്ചോട്ടിലെത്തുന്നു. തന്റെ വയറെരിയുന്നുെങ്കിലും അതവൻ സാരമാക്കാറില്ല. എങ്കിലും ഒരു ദിവസം അവൻ വാവിട്ടുകരഞ്ഞുപോയി. ദുഃഖം അവന്റെ ചെറിയ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തി.

അന്നു വൈകുന്നേരം സ്കൂൾവിട്ടു വന്നപ്പോൾ ജോലിയില്ലാതെ തിണ്ണയിലിരിക്കുന്ന തന്നെ നോക്കി അവൻ പറയുകയുായി:

അച്ഛാ, മോഹനനും സുമതീം ഇന്ന് പട്ടിണിയാ–

എന്തേ മോനെ–

അവർക്ക്.... അവൻ വിതുമ്പി വിതുമ്പി കരയുന്നതാണ് കേട്ടത്. അയാൾ രും മൂന്നും വയസ്സായ കുട്ടികളെ നോക്കി. ഏട്ടൻ കരയുന്നത് ക ആ വാടിയ മിഴികൾ അച്ഛന്റെ നേരെ തിരിയുന്നു. നനവാർന്ന ആ കണ്ണുകൾ തന്നോടൊന്നും ആവശ്യപ്പെടുന്നില്ല. ആവലാതിപ്പെടുന്നുമില്ല. അകത്തെരിയുന്ന വിശപ്പിന്റെ നാളുകൾ അവരുടെ ചൈതന്യം ഊറ്റിക്കുടിച്ചത് ആ മിഴികളിൽ വ്യക്തമാണ്. എല്ലാം അറിവുള്ളവരെ പോലെ, അച്ഛന്റെ എല്ലാ ദുഃഖകാരണങ്ങളും മനസ്സിലാക്കിയവരെ പോലെ, അവർ അകത്തെ ഇരുട്ടിലേയ്ക്ക് വലിഞ്ഞപ്പോൾ താൻ തളർന്നുപോയി നാവുകൾ വരുണങ്ങി.....

പിന്നീടാണ് സംഭവമറിഞ്ഞത് റവയും പാലും കിട്ടുന്ന കുട്ടികൾ അദ്ധ്യാപികയുടെ മുമ്പിൽ വച്ചു തന്നെ കുടിക്കണമെന്ന് ഒന്നാം ക്ലാസ്സിലെ സുമിത ടീച്ചർ പറഞ്ഞത്രേ. കൈയിൽ ചൂരലുമായി അവർ നോക്കിനിന്നു എന്നിട്ടും ടീച്ചറുടെ കണ്ണുകൾ തെറ്റിച്ച് റവയും പാലുമായി അനിയൻ പോകാനൊരുങ്ങിയപ്പോൾ ടീച്ചർ ചോദിച്ചു:.

എങ്ങോട്ടാ–?

അവൻ പരുങ്ങി.

എടാ കഴുവേറി– അതവിടെവച്ചു തന്നെ കഴിക്കൂ ഞാൻ കാണട്ടെ– എവിടേക്കാ അതും കോു ഓടുന്നത്–?

അവൻ നിറഞ്ഞ കണ്ണുകളുമായി ടീച്ചറെ നോക്കി പറയുവാൻ മടിയുായിരുന്നു അതുകൊ് സ്കൂൾ തിണ്ണയിലിരുന്ന് ടീച്ചറുടെ മുമ്പിൽവെച്ചു തന്നെ അവൻ അത് ഭക്ഷിച്ചു. ഉപ്പുചുവയാർന്ന റവയും, മധുരമില്ലാത്ത പാലും തൊയിലൂടെ വിഴുങ്ങുവാൻ ശ്രമിക്കുമ്പോൾ അവൻ തേങ്ങുകയായിരുന്നു. ചാത്തുമാസ്റ്ററുടെ പുളിമരച്ചോട്ടിൽ ഏട്ടൻ കൊുവരുന്ന റവയും പാലും കാത്തുരുപേർ നിൽ ക്കുന്നു. അവൻ ക്ലാസ്സിൽ ചെന്നു തളർന്നിരുന്നു. ആ മരച്ചുവട്ടിൽ ഏട്ടൻ വരുന്നതും നോക്കി അവർ വളരെ നേരമിരുന്നു കാണും ഉച്ചവെയിൽ കത്തിക്കാളുന്ന മണലിലൂടെ ഏട്ടന്റെ ചെറിയ നിഴൽ അരിച്ചരിച്ചു വരുന്നുോ–? കാത്തുകാത്തിരുന്ന ആ കുഞ്ഞികണ്ണുകൾ അടഞ്ഞുപോയി. നേരം പുലർന്നിട്ടൊന്നും കഴിച്ചിട്ടില്ലാത്ത അവർ വിശന്നു തളർന്നുറങ്ങുന്നതാണ് സ്കൂൾ വിട്ടു വരുന്ന ഏട്ടൻ കാണുന്നത്. ഏട്ടൻ സംഗതിയൊന്നും പറഞ്ഞില്ല. എങ്കിലും അവർ എന്തെങ്കിലും ചോദിക്കുമെന്ന് അവൻ വിചാരിച്ചിരുന്നു. ആരും ഒന്നും ഉരിയിട്ടില്ല.

അകത്തെ ഇരുട്ടിൽ വാപിളർന്നു നിലവിളിക്കുന്ന പൈതലിന്റെ ചുിൽ മുലതിരുകി കിടക്കുന്ന അമ്മ മക്കളോട് ചോദിക്കുന്നതും പറയുന്നതും അയാൾകേട്ടു.

മോനേ– ഏട്ടൻ റവയും പാലും കൊോന്ന് തരും– അത് കഴിച്ചോളൂ–

ഉം– ചെറിയ മക്കൾ സമ്മതിക്കുന്നു.

അച്ഛനു അടുത്തുതന്നെ പണി ശരിപ്പെട്ടാപിന്നെ ഇന്റെ മക്കള് സ്കൂളിൽ റവ തിന്നാൻ പോ. പിന്നെ ഉച്ചയ്ക്ക് ചോറുതിന്നാം. അപ്പത്തേയ്ക്കും അമ്മയും ഒന്നെണീക്കട്ടെ– വാസൂനും, മോഹനനും, സുമതിയും പിന്നെ സ്ക്കൂളിൽ പോയാൽ മതി എന്തേയ്–

അവർ ആശയോടേയും പ്രതീക്ഷകളോടെയും സമ്മതിക്കുന്നു. സ്ക്കൂളിൽ പോകുന്ന രു ഏട്ടൻമാരും അത് കൗതുകത്തോടെ കേൾക്കുന്നുാവാം.....

ഇതൊക്കെ ഓർത്തുകൊായിരിക്കുമോ രാമത്തെ മകൻ പൊട്ടിക്കരഞ്ഞിട്ടുാവുക. ആശയോടെ, റവയും, പാലും കഴിക്കാമെന്ന ആഗ്രഹത്തോടെ, തന്നോടൊപ്പംവന്ന അനുജനും അനിയത്തിയും പട്ടിണിയാകേിവന്നു. ക്ലാസ്സിൽ സുമതി ടീച്ചർ കൗശലക്കാരനായ കുറുക്കന്റെ കഥ പറയുമ്പോൾ മകൻ പുളിമരച്ചോട്ടിൽ വിശന്നുതളർന്നു മയങ്ങുന്ന അനിയന്മാരെ കുറിച്ചോർക്കുകയായിരുന്നു. അയാൾ ചിന്തിച്ചു. മക്കൾ എത്രമാത്രം സഹിക്കുന്നു. ഈ സഹനശക്തിമാത്രമാണ് അവർക്കായി തനിക്ക് നൽകാൻ കഴിഞ്ഞ സമ്പാദ്യമെന്നോർത്തപ്പോൾ അച്ഛൻ നടുങ്ങി. അകത്തെ ഓലപ്പായയിലെ പശിമയിൽ മയങ്ങിക്കിടക്കുന്ന പുതിയ പിറവിയും സഹനശക്തിശീലിച്ചുവരികയാവും. അത് കരയുന്നത്

കേൾക്കാനില്ല. അമ്മയുടെ എല്ലിച്ച ശരീരത്തോടൊട്ടിക്കിടക്കുന്നുറങ്ങുകയാവും. അമ്മയ്ക്ക് ഉറങ്ങാനെ സാധിക്കൂ. ഉണരുമ്പോൾ വിശക്കും. പെറ്റ വയറാണ്. പെറ്റവയർ കായാൻ പാടില്ല. ശരീരം ഉഷ്ണിക്കുവാൻ പാടില്ല. ഈ പ്രസവം കഴിഞ്ഞപ്പോഴും പേറ്റിച്ചി കല്ല്യാണി പറയുകയുായി. നീയിങ്ങനെ മിഴിച്ചിരുന്നാലൊന്നും പറ്റില്ല ഓള ശരീരത്തിന്ന് എന്തെങ്കിലും നല്ല രക്ഷചെയ്യണം. കില്ലേ ആ ശരീരം എലയിൽകോരി എടുക്കാലോ. എന്താ ശ്രദ്ധിക്കാഞ്ഞത്-ഇങ്ങനെ ആയാപറ്റോ- -?

പറ്റില്ലെന്നറിയാം. അതുകൊ് മിതിരുന്നു. പറഞ്ഞിട്ടോ പറയാതിരുന്നിട്ടോ പ്രയോജനമില്ലാത്ത നിലയിലാണ്. ആറ് കുട്ടികൾ, ആരോഗ്യവും ചൈതന്യവും വറ്റിയ അമ്മ ഒരു കെടുന്തിരിപോലെ എരിയുന്നു.ചെറിയ പുരക്കകത്ത് എട്ടു മനുഷ്യാത്മാക്കൾ- എല്ലാം വിധിയാണ്. കൊലായതിണ്ണയിലിരുന്ന് കത്തിക്കാളുന്ന ഉച്ചവെയിലിലെ ശൂന്യതയിലേക്ക് കണ്ണും നട്ട് അയാൾ സ്വയം പറയാനും ആശ്വസിക്കാനും ശ്രമിച്ചു.എല്ലാം വിധിയാണ് ചൊരിഞ്ഞതത്രയും അളന്നു വാങ്ങുകയേ നിവൃത്തിയുള്ളൂ പറയുന്നവർക്ക് പലതും പറയാം, ഉപദേശിക്കുന്നവർക്ക് തെറ്റുകളെ ചൂിക്കാട്ടി ചിരിക്കുകയും ഉപദേശിക്കുകയും ചെയ്യാം. ആരോഗ്യത്തിനുവേ ആഹാരങ്ങൾ നൽകണം വേ സൗകര്യങ്ങൾ നൽകണം. ഒരിക്കലും എതിരില്ലാത്ത കാര്യങ്ങളാണ് പക്ഷേ എവിടെ നിന്നും എടുത്തുകൊടുക്കും കിട്ടുന്നതെത്രയാണെന്നറിയാം എത്രകിട്ടുമെന്നും അറിയാം അപ്പോൾ.... കഷ്ടപ്പെടുവാൻ യോഗമുള്ളവൻ കഷ്ടപ്പെടുകയേയുള്ളൂ......

കഷ്ടപ്പെടുവാൻ വിധിക്കപ്പെട്ടവന്റെ കുഞ്ഞുങ്ങളായി പിറക്കുന്നവരും കഷ്ടപ്പെടണം. മക്കൾ അത് മനസ്സിലാക്കിയിരിക്കുന്നു എന്നയാൾ ഓർത്തു ആറു കുഞ്ഞുങ്ങൾ.... ആരോഗ്യം നശിച്ച് പേക്കോലമായി കഴിഞ്ഞ ഭാര്യ.... അദ്ധ്വാനിക്കാനുള്ള കഴിവുകൾ വറ്റികഴിയാറായ കുടുംബനാഥനാണ് താനെന്നോർത്തപ്പൊൾ മാത്രം അയാൾ ഞെട്ടി.

പുറത്ത് വെയിൽ കത്തിക്കാളുകയാണ് മണൽത്തരികൾ ചുട്ടുപൊള്ളുന്നുാവണം. പുറത്തിറങ്ങാൻ വയ്യ. മണലാരണ്യത്തിനപ്പുറം കടൽ ശബ്ദിക്കുന്നത് കേൾക്കാം. തീരം പുണരുന്ന കടൽത്തിരകളെ തലോടിയെത്തുന്ന കാറ്റിന്റെ ഈർപ്പം ഊറ്റിക്കുടിക്കുകയാണ് വെയിൽ നാളങ്ങൾ. കാറ്റിനും എന്തുമാത്രം ചൂട് പിടിച്ചിരിക്കുന്നു അയാൾ പുറത്തിറങ്ങാൻ ഭയപ്പെട്ടു വയ്യ ഈ വെയിൽ താങ്ങാൻ വയ്യ. നേരം പുലർന്നിത്രയായിട്ടും ആമാശയത്തിലൊന്നും ചെന്നിട്ടില്ല. വല്ലതും എടുത്ത് ഭക്ഷിക്കുവാൻ അകത്തും അടുക്കളയിലും എന്ത്...? ഇളയ, പതമുള്ള, മാംസപിണ്ഡം ഉരുുരുവായ പുതിയകുഞ്ഞ് പുല്ലുപായയിൽ കണ്ണടച്ച് നിശ്ചലം കിടക്കുന്നു്. ചോരയും മജ്ജയും സ്വരൂപിച്ചെടുത്ത ആ മാംസപിണ്ഡത്തെ വിശന്ന വയറുമായി നോക്കുമ്പോൾ.... അയാൾ മനസ്സിനെ നിയന്ത്രിച്ചു. കടിഞ്ഞാണില്ലാത്ത പടക്കുതിരയെപോലെ ലക്കും ലഗാനുമില്ലാതെ പായുന്ന മനസ്സ്....

പൂഴിപ്പരപ്പിലൂടെ നടന്ന് വയലിനക്കരെ എത്തിയാൽ ആലിയുടെ ചായക്കടയ്. അവിടെ കയറി എന്തെങ്കിലും തിന്നാമെന്നാണെങ്കിൽ കാശ്വേണം. കടം തരികയില്ല. ഭാര്യ പ്രസവിച്ച ദിവസം പേറ്റിച്ചിക്ക് കൊടുക്കാൻ വാങ്ങിയ രുറുപ്പിക വിറകുചീന്തി വീട്ടാമെന്നാണ് നിശ്ചയം. വിറക് കീറണമെങ്കിൽ മഴു പിടിക്കണം. മഴു ആഞ്ഞാഞ്ഞു വീശിയാലേ മാവിൻതടി പിളർന്നു വരികയുള്ളൂ. അവിടം വരെ നടന്നെത്തിയാൽ വിറകു കീറുന്ന വകയിൽ വല്ലതും കൂലിയായി കഴിക്കാം. അകത്തു പ്രസവിച്ചുകിടക്കുന്ന ഭാര്യ പുലർന്നിട്ടൊന്നും കഴിച്ചിട്ടില്ലെന്നോർക്കുമ്പോൾ, സ്ക്കൂളിൽ ചേർത്ത രു കുട്ടികൾ വാങ്ങുന്ന റവയും പാലും മൂന്നനുജൻ മാരുടെ ചെറിയവയറുകളെ തൃപ്തിപ്പെടുത്താൻ തീരെപോരെന്നോർക്കുമ്പോൾ, കോലായയിൽ തളർന്നിരുന്നു പോകുന്നു. പക്ഷെ ഇരിക്കപ്പൊറുതി കിട്ടുന്നില്ല. ജോലിയുായാലും കിട്ടുന്ന കൂലികൊ് തികയ്ക്കാൻ പറ്റാത്ത പരാതീനതകളുടെ മണലാരണ്യത്തിലൊറ്റപ്പെട്ടിരിക്കയാണെന്ന് മനസ്സു പറയുന്നു.

അയാൾ ആവെയിലത്തു തന്നെ ഇറങ്ങിനടന്നു.മുകളിൽ സൂര്യൻ കത്തിജൊലിക്കുകയാണ്. താഴെ ചുട്ടുപഴുത്ത മണലും. ഒരു കറുത്ത നിഴലുപൊലെ അയാൾ നടന്നു. മണൽ പറമ്പും വയലും കടന്ന് ആലിയുടെ പീടികകൊലായിലെത്തുമ്പോൾ ആകൊലായിൽ തളർന്നുവീഴാതിരിക്കാൻ ആവുന്നത്ര യത്നിച്ചു. എന്നിട്ടും പച്ചതേങ്ങ കൂട്ടിയിട്ട കൂമ്പാരത്തിനരികെ വീണുപോയി.....

ആരൊക്കെയോ എഴുന്നേൽപ്പിച്ചിരുത്തുന്നു. മുഖത്തു വെള്ളം തളിക്കുന്നു.ഒരു ഗ്ലാസ് ചായയുമായി പീടികക്കാരൻ 'ആലി' മുമ്പിൽ നിന്നു. അതുവാങ്ങി കുടിക്കുമ്പോൾ കൈകൾ വിറച്ചിരുന്നു. തൊയിലൂടെ ഇറങ്ങിച്ചെല്ലുമ്പോൾ കുടലുകൾ കൂട്ടിപ്പിണയുന്ന വേദന. അയാൾ എല്ലാം കടിച്ചിറക്കി.


ചുറ്റും കൂടിനിന്നവർ പീടികത്തിണ്ണയിലേയ്ക്കും, സാമാനം വില്ക്കുന്നിടത്തേക്കും, നാളികേരം പൊളിക്കുന്നിടത്തേക്കും നീങ്ങി. ആലി മാത്രം ഒന്നും ചോദിക്കുന്നില്ല. അവൻ തന്ന രുറുപ്പികക്ക് വിറക് കീറണം. കൂടുതലെന്തങ്കിലും ചെയ്യാമെന്ന് പറഞ്ഞ് വിശപ്പ് മാറ്റിയാലെ ആ ജോലി ചെയ്യാൻ പറ്റൂ. അയാൾ തന്റെ വിയർത്തൊഴുകുന്ന ശരീരത്തിലേയ്ക്ക് നോക്കി. ഒന്നും തികയുന്നില്ല. കിട്ടുന്നത് എവിടെയും തികയുന്നില്ല. മക്കൾക്കും കെട്ടിയവൾക്കും നിറച്ചുണ്ണാൻ സാധിക്കുന്നില്ല. ദുഃഖിക്കാനും കഷ്ടപ്പെടാനും മാത്രമേ യോഗമുള്ളൂ. അയാൾ പതുക്കെ പറഞ്ഞുപോയി.

ചെറിയ കുടുംബം സന്തുഷ്ടകുടുംബം-

പീടികത്തിണ്ണയിലിരുന്ന് ആരോ വായിക്കുകയാണ്. അയാൾ അങ്ങോട്ടുനോക്കി. തുടർന്നും അവൻ എന്തൊക്കെയോ വായിക്കുന്നു്. പക്ഷെ, ഒന്നും അയാളുടെ ചെവിയ്ക്കകത്ത് കടന്നില്ല. ചെവിയ്ക്കകത്ത് നിറയെ മണലാരണ്യത്തിലെ ചുഴലിക്കാറ്റായിരുന്നു. തനിക്ക് ചുറ്റും രൂപം പൂ മണലാരണ്യത്തിൽ ചുഴലിക്കാറ്റ് ചൂളം വിളിച്ച് ആഞ്ഞടിക്കുകയാണ്.......

കഥ

# രോഗികളുടെ തറവാട്



യു.കെ.കുമാരൻ



ഞങ്ങൾ പുതുതായി വാടകയ്ക്കെടുത്ത വീടിന്റെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ മുമ്പിൽ ചുറ്റുമതിലുകളോടു കൂടിയ കൂറ്റൻ ഒരു വീടു് എന്നതായിരുന്നു. വലിയ വീട് എന്നത് ആകർഷകമായ ഒന്നല്ലെങ്കിലും അതിന്റെ നിർമ്മാണ രീതിയും, ആളനക്കമില്ലായ്മയും മറ്റുമാണ് ആ വീട് ശ്രദ്ധിക്കുവാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. നമ്മുടെ നാട്ടിലൊന്നും കാണാത്ത രീതിയിൽ പണിത വീടിന് എന്തോ ചില വ്യത്യസ്തതകളുായിരുന്നു. വീടിന്റെ വാസ്തു ചാതുരി ഒട്ടും ആ പ്രദേശവുമായി ഇണങ്ങിയിരുന്നില്ല എന്നതായിരിക്കാം വീടിന്റെ പ്രത്യേകതയായി ഞങ്ങൾക്ക് ഒറ്റനോട്ടത്തിൽ തോന്നിയത്. വാടകവീടിന്റെ ബാൽക്കണിയിൽ നിന്നുകൊ് അയൽപക്കത്തേക്ക് നോക്കിക്കൊിരിക്കേ ഭാര്യ പറഞ്ഞു:

ആളനക്കമില്ലാത്ത ഒരു അയൽപക്കം കിട്ടിയത് നമ്മുടെ കഷ്ടം തന്നെ

അപ്പോൾഞാൻ പറഞ്ഞു

ഇപ്പോൾ മിക്ക വീടുകളും ഇങ്ങിനെത്തന്നെയാണ്. വലിയ വീടായിരിക്കും, ആളുകളുാവില്ല

പിന്നെ ആ വീട്ടിലേക്ക് അവൾ സൂക്ഷ്മമായി നോക്കികൊിരുന്നു. അതിന്റെ ഓരോ ഭാഗത്തെക്കുറിച്ചും വിലയിരുത്തുവാൻ തുടങ്ങി, "കാർപോർച്ച്" ഒരിക്കലും ആ ഭാഗത്തായിരുന്നില്ല വരേിയിരുന്നത്. വീടിന്റെ മൊത്തം വലുപ്പം കാർപോർച്ചിന്റെ ദൃശ്യം മറച്ചുകളയുന്നു. വാതിലും ജനവാതിലും അതിന് ഇണങ്ങുന്നതേ അല്ല. ചുമരിൽ പതിച്ച ഗ്ലെസിസിംഗ് ടൈലിനും ഇത്രയും നിറം വേിയിരുന്നില്ല . മുൻവശത്തേക്ക് ഇറങ്ങി നിൽക്കുന്ന സൺഷെയ്ഡ് ഒഴിവാക്കിയിരുന്നുവെങ്കിൽ വീട് കുറേ കൂടി ആകർഷകമാവുമായിരുന്നു.

അവൾ പറയുന്നതെല്ലാം കേട്ടുകൊ് ഞാൻ വെറുതെ ഇരിക്കുകയായിരുന്നു. എനിക്കറിയാം ഭാര്യ പറയുന്ന അഭിപ്രായങ്ങളൊന്നും മുന്നിൽ കാണുന്ന വീടിനെ കുറിച്ചായിരുന്നില്ല എന്ന്. അവളുടെ സങ്കൽപ്പത്തിൽ ചില വീടുകളു്. അതവൾ നിരന്തരം പണിയുകയും പൊളിച്ചുകൊിരിക്കുകയുമാണ്. സ്വന്തമായ ഒരു വീട് എന്നെങ്കിലും ഉാകുമെന്നോ, പണിയുമെന്നോ ഞങ്ങൾ പ്രതീക്ഷിക്കുന്നില്ല. അതുകൊായിരിക്കാം മുന്നിൽ കാണുന്ന ഏതു വീടും അവൾ സ്വന്തമാക്കുകയും വിലയിരുത്തുകയും ചെയ്തുകൊിരിക്കുന്നത്.

നഗരത്തിൽ വന്നിട്ട് ഞങ്ങൾ താമസം മാറുന്ന അഞ്ചാമത്തെ വീടാണിത്. വീടുതരുമ്പോൾ ഉടമസ്ഥൻ ആദ്യമേ പറയും പതിനൊന്നു മാസത്തേക്കാണ് കരാറ്. അത് കഴിയുമ്പോൾ മാറണം. പതിനൊന്നാമത്തെ മാസം ഒന്നാം തിയ്യതി വാതിൽ തുറക്കുമ്പോൾ വീട്ടുടമസ്ഥൻ മുമ്പിലുാകും.

പിന്നെ

വിരലുകൾ മടക്കി ചുുകൾ വക്രിപ്പിച്ച് അയാൾ മുന്നറിയിപ്പ് തരുന്നു. ഈ മാസാവസാനം വീടൊഴിയണം.

വീട് മാറുക എന്നത് ശ്രമകരമായ ഒരു ജോലിയാണ്. അത്രയൊന്നും സാധനങ്ങൾ കൈവശമുായിരുന്നില്ല. എന്നാലും അവയെല്ലാം കെട്ടിപ്പെറുക്കി മറ്റൊരിടത്തേക്ക് കൊുപോകേിയിരിക്കുന്നു. അതിനേക്കാളേറെ അവളെ അലട്ടിയിരുന്നത് പുതിയ വീടിന്റെ അന്തരീക്ഷവുമായി ഇണങ്ങിപ്പോവുമോ എന്നതായിരുന്നു. അത് അവളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഞാൻ കമ്പനിയിൽ പോയിക്കഴിഞ്ഞാൽ തനിച്ചിരിക്കേത് അവളാണ്. ചിലപ്പോൾ പകൽ മുഴുവൻ, മറ്റുചിലപ്പോൾ രാത്രി മുഴുവൻ അത്രയും നേരം വീടിനകത്ത് കഴിഞ്ഞുകൂടുമ്പോൾ അതുമായി ഇണങ്ങിയേപറ്റൂ. വാടകയ്ക്കെടുത്ത പല വീടുകളിലേയും സാഹചര്യവുമായി അവൾക്ക് ചേർന്നുപോകാൻ കവിഞ്ഞിരുന്നില്ല. എന്തെങ്കിലും ചില പോരായ്മകൾ അവൾ കുപിടിച്ചുകൊയേിരുന്നു വീടിന്റെ മുറികൾക്കൊന്നും വേത്രവലിപ്പമില്ല, ജനവാതിലുകൾ തുറക്കുന്നത് അപ്പുറത്തെ മതിലിനോട് ചേർന്നാണ്. അതുകൊ് കാറ്റും വെളിച്ചവും കടക്കുന്നില്ല. അവളുടെ മനസ്സിലെ വീടുമായി താരതമ്യപ്പെടുത്തിക്കൊായിരുന്നു ഈ കുറ്റം പറച്ചിലുകൾ. നഗരത്തിൽ ഒരു വാടകവീട് കത്തുക എന്നത് എത്രമാത്രം പ്രയാസകരമാണെന്ന് അറിയാവുന്നതുകൊ് പിന്നീട് താമസിക്കുന്ന വീടിനെകുറിച്ച് അവൾ ഒന്നും പറയാൻ തുനിഞ്ഞില്ല.

ബാൽക്കണിയുള്ള വീട്

ആദ്യമായിട്ടാണ് വാടകയ്ക്ക് കിട്ടുന്നത്. ഒരു സ്നേഹിതൻ മുഖേന കിട്ടിയതാണിത്. കമ്പനിയുടെ വളരെ അടുത്താണ് എന്ന മെച്ചവും ഇതിനുായിരുന്നു. വീട് അവൾക്ക് ഇഷ്ടപ്പെട്ടുവെന്ന് ആദ്യ അഭിപ്രായത്തിൽ തന്നെ വ്യക്തമായി. വാതിൽ തുറക്കുമ്പോൾ അവൾ പറഞ്ഞു. പതിനൊന്നു മാസം കഴിഞ്ഞാൽ ഇതും വിട്ടുകൊടുക്കേി വരില്ലേ? ഞാൻ ഒന്നും പറഞ്ഞില്ല. അവളുടെ വിഷമം എനിക്ക് ഊഹിക്കാൻ കഴിയുമായിരുന്നു സ്വന്തമായ ഒരു വീട് അവളുടെ സ്വപ്നത്തിൽ നിറഞ്ഞു കിടക്കുകയാണല്ലോ അത് എന്നെങ്കിലും പണിയുവാൻ കഴിയുമെന്ന് എനിക്ക് സങ്കല്പിക്കുവാൻ പോലും സാധ്യമായിരുന്നില്ല. കമ്പനിയിലെ ജോലി എത്രകാലം ഉാകുമെന്ന് പറയാൻ പറ്റാത്ത ഒരവസ്ഥയിലായിരുന്നു ഞാൻ. ഉല്പന്നങ്ങൽക്ക് പഴയപോലെ മാർക്കറ്റുാവുന്നില്ല എന്ന് കേട്ടു തുടങ്ങിയിരിക്കുന്നു. കമ്പനി ഉല്പന്നങ്ങൾ വെട്ടിക്കുറയ്ക്കുവാൻ പോകുന്നു. അപ്പോൾ ചിലർ പുറത്തുപോകേിവന്നേക്കും. അതിലൊന്നു ഞാനായിരിക്കുമെന്ന് എനിക്ക് തോന്നിയിരുന്നു. എന്റെ ജീവിതത്തിൽ പലപ്പോഴും അങ്ങിനെ സംഭവിച്ചിട്ടു്. ഒരു പിരിച്ചുവിടൽ എന്നെ സദാ അലട്ടിക്കൊിരിക്കുകയാണ്. എന്നാൽ ഇക്കാര്യങ്ങളൊന്നും ഞാനവളെ അറിയിച്ചിട്ടില്ല. ഏകാന്തതയിൽ അവൾ സ്വന്തമായി വീട് പണിതുകൊിരിക്കട്ടെ എന്നാണ് എന്റെ സ്വകാര്യമായി ഞാൻ ആഗ്രഹിച്ചത്.

വീടിന് തൊട്ടുമുൻപിൽ അത്രത്തോളം വലിയൊരു വീട് കപ്പോൾ അവളൾക്ക് ഏറെ സന്തോഷമായെന്ന് എനിക്ക് തോന്നി. ഒന്നും പറയാതെ വീടും നോക്കിനിൽക്കുകയായിരുന്നു അവൾ. ഒരുപക്ഷേ ആദ്യമായിട്ടാകാം അവൾ അത്തരമൊരു വീടു കാണുന്നത്. അതിന്റെ വലുപ്പമാണോ, നിർമ്മാണത്തിലെ പ്രത്യേകതകളാണോ, ആളനക്കമില്ലാത്ത അന്തരീക്ഷമാണോ അവളുടെ കണ്ണുകളെ പിടിച്ചുലച്ചതെന്ന് മനസ്സിലാക്കാനും പറ്റിയിരുന്നില്ല. അങ്ങിനെ തെല്ലിട നോക്കിനിന്നതിനുശേഷമാണ് വീടിനെ കുറിച്ച് അവൾ അഭിപ്രായം പറഞ്ഞ് തുനിഞ്ഞത്.

ആ വലിയ വീടിന്റെ ഒറ്റപ്പെട്ട ഭാവം കപ്പോൾ എന്തൊക്കെയോ അവിശ്വസനീയത എനിക്കും തോന്നിയിരുന്നു. വലിയ വളപ്പിലെ, വലിയ മതിലിനുള്ളിൽ വലിയൊരു ഇരുനില മാളിക. താമസക്കാർ ആരുമില്ലാത്തവിധം നിശബ്ദമായിരുന്നു അതിന്റെ ചുറ്റുപാട്. എന്നാൽ മറ്റു ചില അടയാളങ്ങൾ അവിടെ ആരോ ഉന്ന് തേന്നിപ്പിക്കുകയും ചെയ്തിരുന്നു. നിത്യവും അടിച്ചു വൃത്തിയാക്കാറുള്ള പോലെ മുറ്റം ശുദ്ധമായിരുന്നു. മുറ്റത്തുപാകിയ ടൈൽസുകളിൽ ഒരു പൂപ്പൽ പോലും ഉായിരുന്നില്ല. മുറ്റത്തിന്റെ അതിരിൽ വളർന്നു നിൽക്കുന്ന ചെടികളും പോർച്ചിന്റെ ഇടതു ഭാഗത്ത് തുടുത്തു നിൽക്കുന്ന പൂക്കളും ആരുടേയോ സ്പർശനം നിത്യവും ഏറ്റുവാങ്ങുന്നുായിരുന്നെന്ന് തോന്നിപ്പിച്ചിരുന്നു. എന്നിട്ടും എന്തുകൊാണ് ഒരാളും ഇല്ലാത്ത അസ്ഥയുായത്?

രാത്രിയിലും ഞങ്ങൾ സംസാരിച്ചത് ആ വീടിന്റെ ഇത്തരം പ്രത്യേകതകളെ കുറിച്ചായിരുന്നു. മറ്റൊന്നിനെക്കുറിച്ചും പറയുവാനുായിരുന്നില്ല. മുൻവശത്തെ കൂറ്റൻ വീട് ഒരു കടങ്കഥപോലെ ഉറക്കം ഞങ്ങളുടെ കണ്ണുകളിലേയ്ക്ക് എത്തുന്നതുവരെ പിൻതുടർന്നുകൊിരുന്നു.

പിറ്റേന്ന് അവസാനത്തെ ഷിഫ്റ്റ് കഴിഞ്ഞ് രാത്രി വളരെ വൈകിയാണ് ഞാൻ വീട്ടിലെത്തിയത്. കമ്പനിയിൽ നിന്നും വീട്ടിലെത്തുന്നതുവരെയുള്ള ദൂരം മുഴുവൻ ചിന്തിച്ചുകൊിരുന്നത്, ഇതുപോലെ ഇനി എത്രനാൾ പോകാൻ കഴിയുമെന്നായിരുന്നു. ജോലിചെയ്യുന്നതിനിടയിൽ ഇത്തരത്തിലുള്ള അസ്വസ്ഥകരമായ കാര്യങ്ങളൊന്നും ഉള്ളിലേക്ക് കടന്നുവരാറില്ല. കമ്പനിയിൽ നിന്നും ഇറങ്ങി ഒറ്റയ്ക്കു നടക്കുമ്പോഴോ, ഉറങ്ങാൻ കിടക്കുമ്പോഴോ ആയിരിക്കും കുഴങ്ങിമറിഞ്ഞ ചിന്തകൾ മനസ്സിലേക്ക് ഒളിച്ചു കടക്കുക. ജോലി ഇല്ലാതായാൽ പിന്നെ എന്താണ് ചെയ്യുക. ഇതേപോലുള്ള കമ്പനികൾ നഗരത്തിൽ മറ്റൊരിടത്തും ഉായിരുക്കില്ല. എനിക്കറിയാവുന്ന ഒരേ ഒരു ജോലി ഇതു മാത്രമാണ്. അങ്ങിനെ ആലോചിച്ചുകൊിരുന്നാൽ ചിലപ്പോൾ ഉത്തരമൊന്നും കിട്ടുകയില്ലെന്നും വന്നേക്കാം. ഉറങ്ങാൻ കിടന്നാൽ ഉറക്കവും വൈകുന്നു. വൈകി എപ്പോഴോ ഉറങ്ങിയതുകൊ ാകാം ഗാഢമായ ഉറക്കത്തിലായിരുന്നു. ഭാര്യ പിടിച്ചുകുലുക്കിയപ്പോൾ ഞെട്ടി ഉണരുകയായിരുന്നു. അത്രയും ആഴത്തിലുള്ള ഉറക്കത്തിന്റെ ചരട് പൊട്ടിച്ചതിൽ അവളോട് ദേഷ്യം തോന്നിയെങ്കിലും അതു പുറത്തുകാട്ടാതെ ഞാൻ ചോദിച്ചുഃ

എന്താ കാര്യം?

വാ ഒരു കാര്യം കാട്ടിത്തരാം.

അവൾ എന്നെ എഴുന്നേല്പിച്ചു വീടിന്റെ ബാൽക്കണിയിലേക്ക് കൊുപോയി. അപ്പോഴേക്കും എന്റെ ഉറക്കച്ചടവ് പൂർണ്ണമായും വിട്ടുമാറിയിരുന്നു.അപ്പുറത്തെ വീട്ടിലേക്ക് വിരൽ ചൂി അവൾ പറഞ്ഞുഃ

അതാ നോക്ക്

അപൂർവ്വമായ ഒരു വസ്തുവിനെ ക ആഹ്ലാദം അവളുടെ വാക്കുകളിലുായിരുന്നു. എന്താണെന്ന് അറിയാനുള്ള കൗതുകത്തോടെ ഞാൻ അങ്ങോട്ടേക്ക് നോക്കി. ഒരു സ്ത്രീ മുറ്റമടിച്ചുകൊിരിക്കുകയാണ്. പലരും ചെയ്യുന്നതുപോലെ പരുക്കൻ ചലനങ്ങളോടെയോ അശ്രദ്ധമായോ ആയിരുന്നില്ല അവൾ ജോലിചെയ്തുകൊിരുന്നത്. വളരെ സൂക്ഷ്മതയോടെ മുറ്റത്തിന്റെ ഓരോ ഭാഗവും വൃത്തിയാക്കികൊിരിക്കുന്നു.

ഒരാളെ കെത്തിയ സന്തോഷം ഭാര്യയുടെ മുഖത്തുായിരുന്നു. ഇത്രയും ദിവസത്തിനുള്ളിൽ ആ വീട്ടിൽ ഒരാളുടേയും സാന്നിദ്ധ്യം അറിഞ്ഞിരുന്നില്ല. അന്നു പകൽ മുഴുവൻ ഞങ്ങൾ സംസാരിച്ചത് അപ്രതീക്ഷിതമായി വീടിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട ആ വേലക്കാരിയെക്കുറിച്ചായിരുന്നു. ഒരു പക്ഷേ അവളെ അന്നവിടെ കില്ലായിരുന്നെങ്കിൽ എന്തിനെ കുറിച്ചാണ് ഞങ്ങൾ സംസാരിച്ചിരിക്കുക? പകൽ മുഴുവൻ പരസ്പരം ഒന്നും പറയാതെ മടുത്ത ഭാവത്തോടെ ഞങ്ങൾക്ക ഇരിക്കേിരുമായിരുന്നു. ചില നേരങ്ങളിൽ ജോലി ഇല്ലാതാകുന്ന ചിന്തയും എന്റെ മനസ്സിലേക്ക് കടന്നു വരുകയും ചെയ്യും. അന്നു മുഴുവൻ മുറ്റമടിക്കാരിയെ കുറിച്ചുള്ള സംസാരം ഞങ്ങളെ സഹായിച്ചു.

മൂന്നാമത്തെ ദിവസം ഭാര്യ മറ്റൊരു വിശേഷവുംകൊാണ് എന്റെ മുമ്പിലേക്ക് വന്നത്. പകൽ ഷിഫ്റ്റ് കഴിഞ്ഞ് സന്ധ്യയോടെ ഞാൻ വീട്ടിലെത്തിയ സമയമായിരുന്നു അത്.

അവിടെ തുണികളലക്കാൻ ഒരു സ്ത്രീകൂടി വരുന്നു്. ഞാൻ കു

അതിന്റെ അർത്ഥം ആ വീട്ടിൽ ആരോ താമസക്കാർ ഉന്നൊണല്ലോ? അവളും അതു ശരിവച്ചു. പക്ഷേ, ഇതുവരെ ആരേയും പുറത്തു കിട്ടില്ല. ആ വീട് ഞങ്ങൾക്ക് വലിയൊരു കടങ്കഥയായി മാറുകയായിരുന്നു. അയൽക്കാരെ പരിചയപ്പെടാനെന്ന മട്ടിൽ ആ വീട്ടിലേക്ക് കയറിചെന്നാലെന്താണെന്ന് എനിക്ക്

തോന്നാതിരുന്നില്ല. എന്നാൽ ഭാര്യ നിരുത്സാഹപ്പെടുത്തുകയായിരുന്നു. ഒരു പക്ഷേ അവർ മറ്റാരുമായുള്ള സൗഹൃദം ഇഷ്ടപ്പെടുന്നില്ലെങ്കിലോ? മോശമായിരിക്കില്ലേ പ്രതികരണം? അവൾ പറയുന്നതിലും ചില ശരിയുണ്ടെന്ന് കരുതി ഞാൻ ഉദ്യമം ഉപേക്ഷിച്ചു.

പിന്നീടൊരുനാൾ അവൾ വെളിപ്പെടുത്തിയ കാര്യം അതിനേക്കാൾ അവിശ്വസനീയമായിരുന്നു. ഭക്ഷണം പാചകം ചെയ്യാൻ വേി അവിടെ വേറൊരു സ്ത്രീകൂടി വരുന്നു്. മുറ്റമടിക്കാനും, അലക്കാനും, പാചകംചെയ്യാനും വേറെ വേറെ ജോലിക്കാർ. അതിനുള്ളിൽ കഴിയുന്നവർ പിന്നെ എന്താണ് ചെയ്യുന്നത്? ഒരു വീട്ടിൽ മൂന്നു വേലക്കാർ. അതിന്റെ അർത്ഥം അവിടെ അത്രയധികം താമസക്കാർ ഉന്നതാണ്. അവർ ഒരു ജോലിയും ചെയ്യാറില്ലെന്നും ഞാൻ ഊഹിച്ചെടുത്തു. വീടിന്റെ വലിയ മുറികളിലൂടെ അവർ ദേഹമൊന്നും അനക്കാതെ ചിലപ്പോൾ നീങ്ങുന്നുാകാം.

അതു ഭാവനയിൽ കിട്ടെന്നോണം ഞാൻ പറഞ്ഞു:

ഒരു ജോലിയും ചെയ്യാതെ കഴിയുന്നവർ ദുർമ്മേദസ്സുള്ളവരായിതീരും, രോഗികളുമാകും.

എന്നുവെച്ചാൽ ഞാൻ പറഞ്ഞതിന്റെ അർത്ഥമറിയാത്ത ഭാര്യ ചോദിച്ചു.

മുറ്റമടിക്കുന്നതും, അലക്കുന്നതും ഭക്ഷണമുാക്കുന്നതും നല്ലൊരു വ്യായാമമാണ്. വീട്ടിലെ പെണ്ണുങ്ങൾ അതൊന്നും ചെയ്യാതെ വേലക്കാരെക്കൊു ചെയ്യിപ്പിക്കുമ്പോൾ പെണ്ണുങ്ങൾക്ക് ദുർമ്മേദസ്സ് കൂടും. അതായത് തടിവെക്കും. ഇപ്പോഴത്തെ പലപ്പെണ്ണുങ്ങൾക്കും തടികൂടാൻ ഇതാണ് കാരണം. അവർ വീട്ടിലെ ഒരു പണിയും ചെയ്യുന്നില്ല. മുമ്പിലുള്ള വീട്ടുകാരെപോലെ.

അതുകേട്ട് ഏറെ നേരം ചിന്താകുഴപ്പത്തിൽ അകപ്പെട്ടെന്നോണം ഭാര്യ മിാതെ നിന്നു. പിന്നെ അടുക്കളയിലേക്ക് പോയി. അന്നെനിക്ക് കമ്പനിയിൽ പോകേിയിരുന്നില്ല. ജോലിക്കുപോകാത്ത ദിവസങ്ങളിൽ ഞങ്ങൾ തമ്മിൽ വഴക്കുാവുക പതിവ്. അതിന് പ്രത്യേക കാരണമൊന്നും വേിയിരുന്നില്ല. ഞാനായിരിക്കും ചിലപ്പോൾ വഴക്കിനു തുടക്കമിടുക. മറ്റു നേരങ്ങളിൽ അവളും. സംസാരിക്കുന്നതിനിടയിൽ എന്റെ ഏതെങ്കിലും ഒരു വാക്ക് അവൾക്ക് രസിച്ചെന്നു വരില്ല. അതു അവളെ പരിഹസിച്ചിട്ടാണെന്ന് അവൾ കരുതും, അല്ലെങ്കിൽ അവളുടെ അറിവില്ലായ്മയെ നോവിപ്പിക്കാനാണെന്ന് അവൾ സങ്കല്പിക്കും. ആ വാക്കിൽ കയറിപ്പിടിച്ച് ഭാര്യ സംസാരം തുടരും. അതു ഏറെ മുർച്ചയുള്ളതുമായിരിക്കും. അവൾ പലപ്പോഴും കാണിക്കുന്ന ഉദാസീനതകളാണ് എന്നെ പ്രകോപിപ്പിക്കാറുള്ളത്. പല കാര്യങ്ങളിലും ചെറിയ ചെറിയ ഉദാസീനതകൾ കാണിക്കുക എന്നത് അവളുടെ ഒരു രീതിയായിരുന്നു. അതു എന്നെ അവഗണിക്കുന്ന തലംവരെ എത്തുന്നുവെന്ന് ചിലപ്പോൾ എനിക്ക് തോന്നാറു്. അപ്പോൾ ഞാൻ വിമർശനരീതിയിൽ അവളോട് സംസാരിക്കുവാൻ തുടങ്ങും. ഇത്തരം വാക്കേറ്റങ്ങൾ ഞാൻ കമ്പനിയിൽ പോകാത്ത അവസരങ്ങളിൽ മാത്രമേ ഉാകാറുള്ളൂ.അത് ഏറെ നേരം നീു നിൽക്കണമെന്നില്ല ഞങ്ങൾ മൂർച്ചയോടെ സംസാരിക്കുമ്പോഴാണ്, ഓ ഇന്ന് കമ്പനിയിൽ പോകാത്ത ദിവസമാണെന്ന തിരിച്ചറിവിലേക്ക് ഞങ്ങൾ വരുന്നതു തന്നെ. വഴക്കില്ലാത്ത ഒരു ഒഴിവു ദിനം ഞങ്ങൾക്ക് സങ്കല്പിക്കാൻ കഴിയാതായിരിക്കുന്നു എന്നാൽ പുതിയ വാടക വീട്ടിലേക്ക് വന്നതിനുശേഷമുള്ള ആദ്യത്തെ ഒഴിവു ദിനമായിട്ടും, രാത്രി വരെ എന്റെ വാക്കുകളെ കയറിപ്പിടിക്കുവാൻ ഭാര്യയോ, അവളുടെ അശ്രദ്ധയ്ക്ക് പിറകേ പോകാൻ ഞാനോ തുനിഞ്ഞില്ല. അന്നു രാത്രി അവൾ വളരെ ഉൽകണ്ഠയോടെ ചോദിച്ചു:

വെറുതെ ഇരുന്നാൽ തടി കൂടുന്ന് പറേണത് ശരിയാണോ?

ചിലരുടെ കാര്യത്തിൽ അങ്ങിനെയു് ഞാൻ പറഞ്ഞു

സുഖക്കേടു വരും അല്ലേ? അവളുടെ മറ്റൊരു സംശയം

എല്ലാവർക്കും സുഖക്കേട് വരണോന്നില്ല

ഞാൻ ഉദാസീനനായി മറുപടി പറഞ്ഞു. എന്നിട്ട് ചോദിച്ചു. എന്തേ ഇപ്പോൾ ഇങ്ങനെയൊക്കെ തോന്നാൻ

ഞാൻ വീട്ടിൽ വെറുതെ ഇരിക്കുകയല്ലേ? ഇവിടെ എനിക്കെന്താ പണി, ഒന്നൂല്ലാ.

അപ്പോൾ അവളെ സാന്ത്വനിപ്പിക്കാനെന്നോണം ഞാൻ പറഞ്ഞു: നിനക്ക് വലിയൊരു ജോലിയു്, എന്നെ നോക്കുക, എന്നെ നോക്കിക്കോ ഇരിക്കുക. അന്നേരം അവൾ എല്ലാ വിഷമതകളും മറന്നു; ചിരിച്ചുകൊ് എന്റെ ദേഹത്തേക്ക് വീണു.

പിറ്റേന്ന് വൈകിട്ടത്തെ ഷിഫ്റ്റിലാണ് ജോലി എന്നതുകൊ് ഞാൻ കാലത്തുമുതലേ അലസനായിരുന്നു. കുറേ നേരം കിടന്നുകൊ് ആലോചിച്ചു. അതു കഴിഞ്ഞു അടുക്കളയിൽ ഭാര്യയ്ക്ക് പിന്നിൽ വന്നു നിന്നു. ഇന്നലെ നമ്മൾ വഴക്കിട്ടില്ലല്ലോ എന്നവളെ ഓർമിപ്പിക്കേണമോ എന്ന് തെല്ലിട ആലോചിച്ചു ചിലപ്പോൾ അതുമതിയാകും പുതിയൊരു വഴക്കിന്. അതുകൊ് അത്തരമൊരു വർത്തമാനം വേന്നുെവച്ചു. പിന്നെ ഉമ്മറത്തേക്ക് വന്നു. വാതിൽ തുറന്നു വെറുതേ പുറത്തേക്കൊന്നു നോക്കിയപ്പോൾ കത്, മുൻവശത്തെ വീടിന്റെ മുറ്റത്ത് ഒരാമ്പുലൻസ് വന്നു കിടക്കുന്നതാണ്. അതെന്നിൽ ആഹ്ലാദവും അത്ഭുതവും സൃഷ്ടിച്ചു.രോഗമുള്ള ഒരാൾ അവിടെ ഉാകുമെന്ന എന്റെ തോന്നൽ ശരിയായി എന്നു കതിലാണ് ഞാൻ സന്തോഷിച്ചത്. ഇത്രയും ഗുരുതരമായ രോഗംബാധിച്ച ഒരാൾ തൊട്ട അയൽവക്കത്തുായിട്ടും അറിയാത്തതാണ് എന്നെ അത്ഭുതപ്പെടുത്തിയത്. എനിക്കു മുമ്പിലൂടെ രോഗിയെയും വഹിച്ചുകൊ് വാഹനം കടന്നുപോയി. അതിൽ കിടക്കുന്ന ആൾ ആരായിരിക്കും? പ്രായമായ ആരോ ആകാനാണ് സാധ്യത. തിരികെ അടുക്കളയിലേക്ക് വന്നു ഞാൻ ഭാര്യയോടു തമാശയായി പറഞ്ഞു.

മുമ്പിലെ വീട്ടിൽ നിന്നും ഒരു രോഗിയെ ആംബുലൻസിൽ കൊുപോയി. ചിലപ്പോൾ ഇനിയും രോഗികൾ കക്കോം. അങ്ങിനെയല്ലേ തിന്നുകൂട്ടുന്നത്

അപ്പോൾ എന്തുകൊാ ഭാര്യ എന്നെ പേടിയോടെ നോക്കുന്നതു ക് അതിന്റെ അർത്ഥം എനിക്ക് മനസ്സിലായില്ല. തൊട്ടടുത്ത ദിവസം ജോലികഴിഞ്ഞ് വൈകിട്ട് കമ്പനിയിൽ നിന്നും വന്നപ്പോൾ ഭാര്യ പറഞ്ഞു

നോക്കൂ ഇന്നും ഒരു ആംബുലൻസ് ആ വീട്ടിൽ വന്നിരുന്നു. പ്രായമായ ആരെയോ താങ്ങിപിടിച്ചു കൊു പോകുന്നതു കു. .

ഞാൻ പറഞ്ഞിരുന്നില്ലേ രോഗികൾ ഇനിയുമുാകുമെന്ന്. പ്രായമായവർ മാത്രം താമസിക്കുന്ന വീടാണെന്ന് തോന്നുന്നു.

അപ്പോൾ അവൾ നിഷേധിച്ചു

ശേഷം പേജ് 20ൽ

**കഥ**





കെ.പി. സുധീര

# കള്ളിമുൾച്ചെടികൾ

ന്യൂഡോളിയ ഫന്റാസ്റ്റിക്ക എന്ന അവസ്ഥയ്ക്ക് ഒരിക്കലും വശംവദയാവില്ല പ്രമദ. ദിവാസ്വപ്നങ്ങളെ പെരുപ്പിച്ച് രോഗത്തിന്റെ വക്കോളം കൊവന്ന് മറ്റുള്ളവരുടെ അനുകമ്പ സമ്പാദിക്കൽ അങ്ങനെ യൊന്നും അവളെകിട്ടില്ല.

താല്ക്കാലികമായ ഉത് കണ്ഠതന്നെയാവണം അവളുടെയീ തലചുറ്റിലിന് കാരണം.

റെയിൽവേ സ്റ്റേഷനിൽനിന്ന് അവർ പുറത്തുകടന്നിരുന്നു. ആദ്യം ക ശീതളപാനീയക്കടയുടെ മുമ്പിലിട്ട കസേരകളിലൊന്നിൽ അവൾ തളർന്നിരുന്നു. സിലിഗുരിയിലേക്ക് എത്തിപ്പെടാൻ ഇനി രു തീവികൾ അവൾക്ക് മാറിക്കയറിയിറങ്ങേതു്. കേരളത്തിൽ ജീവിക്കുന്ന ഈ എം.ഏ.ക്കാരി പെൺകുട്ടി ഗാങ് ടോക്കിലെ ഏതോ ചെറിയ സ്കൂളിൽ ജോലിക്ക് ചേരാൻ പോകുമ്പോൾ സമയത്തിന് എത്തിച്ചേരാൻ എത്രയെത്ര തീവികൾ തനിച്ച് കയറിപ്പോകണം.

മുഷിഞ്ഞ ബർമൂഡയണിഞ്ഞ ഒരു കറുത്തപയ്യൻ രു കയ്യിലും ഓരോ നീളൻ ഗ്ലാസ്സിൽ നാരങ്ങാനീര് കൊവന്നുവെച്ചു. ഉപ്പു ചേർത്ത നാരങ്ങനീര് വിനയൻ ദാഹത്തോടെ ചുരോടടുപ്പിച്ചു. മുഴുവനാക്കാൻ അവസരം കൊടുക്കാതെ വിനയൻ ഇടയിൽകയറി ഇടപെട്ടു.

കേരളത്തിലെ ഒരു ഓണം കേറാമൂലയിലാണെങ്കിലും ഒരു സർക്കാർ ജോലി. അത് വിട്ടുകളയാനോ? അമ്മയും മുത്തശ്ശിയും ലീനയും ബീനയും കണ്ണനുമൊക്കെ പിന്നെങ്ങനെ ജീവിതം മുന്നോട്ടുകൊു പോകും. ഇപ്പോൾത്തന്നെ നേരിൽ കാണുമ്പോഴേക്കും എന്തെല്ലാം പരാതികളാണ് ഓരോരുത്തർക്കും. ഇല്ലായ്മയുടേതായ ഈ പരാതികൾ കേൾക്കാൻ എനിക്ക് സുഖമാണ്! കാരണം ഞാനൊരു രക്ഷിതാവാണല്ലോ!

വർഷങ്ങളുടെ ഒഴുക്ക് വിനയനെ ഏതൊക്കെ പാറയിടുക്കുകൾക്കിടയിലൂടെ വലിച്ചിഴച്ച് കൊുപോയിരിക്കുന്നു. എന്ന അമ്പരപ്പ് പ്രമദയെ ശരിക്കും ഞെട്ടിച്ചുകളഞ്ഞു.

“നീ അപ്പറഞ്ഞത് ശരിയാണ്, വിനയാ നമുക്ക് അത്രയൊന്നും ആനന്ദം ആരുമെവിടേയും കരുതിവെച്ചിട്ടില്ല. ഒരു കോപ്പ കയ്ക്കുന്ന കണ്ണുനീരു കുടിച്ചാലെ ഒരു തുള്ളി മധുരം കിട്ടൂ.”

വിനയൻ അല്പം അമ്പരന്ന് പ്രമദയുടെ കണ്ണുകളിലേക്കുറ്റുനോക്കി. അവിടെ അത്രയൊക്കെ ഉടഞ്ഞുവീണ കണ്ണുനീർച്ചില്ലുകളുമോ?

ഭൂതകാലത്തിന്റെ കളിമുറ്റത്ത് വീണുപോയ വർണവളകഷ്ണങ്ങൾ കുകിട്ടിയപോലെ തീവ്രമായ ഒരു ആഹ്ലാദം മനസ്സിനെയെന്നതുപോലെ ശരീരത്തേയും തപിപ്പിച്ചിരിക്കുകയാണ്. ഇതാവാം, കായികമായൊരു ക്ഷീണത്തേയും നിരാലംബതയേയും കൊവന്നിരിക്കുന്നത്.

‘ഇപ്പോൾകിട്ടിയ പുതിയ ജോലി പ്രമദയെ ആഹ്ലാദിപ്പിക്കുന്നോ?’

‘പിന്നല്ലാതെ? ആദ്യത്തെ ആനന്ദം, വീട്ടിൽനിന്ന് മാറി മറ്റൊരിടത്ത് ചേക്കേറാമല്ലോ എന്നതാണ്. രാമത്തേത് പത്തംഗമുള്ള കുടുംബത്തിന് ഒരു നേരമെങ്കിലും വയറു നിറച്ചുണ്ണാമല്ലോ എന്നത്. വീട്ടിൽവെച്ച് നടത്തുന്ന ട്യൂഷൻ കൊ് അത്രയൊന്നും ആദായമുായില്ല. കടവും കഷ്ടപ്പാടും മാത്രം. പല സ്വകാര്യകമ്പനികൾക്കും അപേക്ഷകളയച്ച കൂട്ടത്തിൽ ഇതും അയച്ചതായിരുന്നു.’

ഡിഗ്രിക്ക് പഠിക്കുമ്പോൾ എത്ര സൗന്ദര്യമുള്ള കുട്ടിയായിരുന്നു പ്രമദ. മുറ്റിയ തലമുടികളും നക്ഷത്രകണ്ണുകളും തുടുതുടുത്ത കവിളുകളും. ക്ലാസിലെ ആൺകുട്ടികൾക്ക് ആ പെൺകിടാവിനെ കാണുന്നത്, നിറനിലാവ് കാണുംപോലെയായിരുന്നു.

ക്ലാസ്സിൽ ഏറ്റവും നന്നായി പഠിക്കുന്ന കുട്ടിയായിരുന്നില്ലേ വിനയൻ എന്നിട്ടുമെന്തേ നല്ല ജോലിയൊന്നും കിട്ടാതെ....?

ഏതോ ദിവാസ്വപ്നത്തിൽ മുങ്ങിതാണുകൊിരുന്ന വിനയൻ? പെട്ടെന്ന് യാഥാർത്ഥ്യത്തിലേക്ക് കൺമിഴിച്ചു.

‘ങ്ഹേ, അതോ. ഭാഗ്യങ്ങളെപ്പോഴും എനിക്ക് പിടിതരാതെ വഴുതിപ്പോയ്ക്കൊിരുന്നു. ഡിഗ്രി

സെക്കന്റ് ഇയർ ആയപ്പോൾ അച്ഛന്റെ പെട്ടെന്നുള്ള മരണം. പിന്നെ ഒക്കെ വേണ്ടെന്ന് വെക്കേിവന്നു.'

പ്രമദ വെറുതെ തലയുയർത്തിയപ്പോൾ വിനയന്റെ കരിഞ്ഞ കൺതടങ്ങൾ കു. മുഖമാകെ മെലിഞ്ഞുണങ്ങി.... മുമ്പ് വിനയന് തന്നോടെന്ത് ആരാധനയായിരുന്നു.! താനടുത്തെത്തുമ്പോഴേക്കും ശരീരത്തെമ്പാടും പായുന്നരക്തമെല്ലാം കൂടെ തുടുതുടുത്ത മുഖത്തേയ്ക്ക് ഇരച്ചെത്തുമായിരുന്നു. ഇന്ന് ആരും കാണാത്ത ഒരു നാട്ടിൽ രുപേർ മാത്രം അടുത്തടുത്തിരുന്നിട്ടും ഒരു വികാരവും തോന്നുന്നില്ല.

ആരൊക്കെ അടുത്തുെങ്കിലും എന്താണീ ലോകം ഒരു കൊടും കാടുപോലെ തോന്നുന്നത്.?

കടൽപോലെ പിടയുന്ന ഒരു മനസ്സ്. ഏതോകൊടും ശാപം പോലെ ഒരു മനസ്സ്.

നഗരം ഇളകി മാറുകയാണ്. ചുറ്റും നിരവധി മുഖങ്ങൾ. അനവധി ഭാഷകൾ നിരവധിയായ ഭാവങ്ങൾ, പൊടിപടലം.

ഏതോ കൂറ്റൻ വാഹനം ഉയർത്തിവിട്ട പൊടിക്കാറ്റിനെ ദുപ്പട്ടയുടെ വക്കുയർത്തി മൂക്കുപൊത്തിക്കൊ് പ്രമദ നിരോധിക്കാൻ ശ്രമിച്ചു.

വിനയന്റെ കണ്ണുകളിൽ കെടാൻകൂട്ടാക്കാതെ ബാക്കി നിൽക്കുന്ന തീകനലുകൾ. അവയിലേക്ക് ഉറ്റുനോക്കി പ്രമദ ചിരിച്ചു. എന്നിട്ട് എന്തെങ്കിലും ചോദിക്കണമല്ലോ എന്ന് കരുതി ചോദിച്ചു;

'അച്ഛൻ ആക്സിഡന്റിൽ?'

'ഹേയ്.' ഉയർന്നു നിൽക്കുന്ന തോളെല്ലുകൾ നിഷേധാർത്ഥത്തിൽ കുലുക്കിക്കൊ് വിനയൻ കുലുങ്ങി ചിരിച്ചു. ചിരിച്ചുതീർന്നപ്പോൾ ആ കൺ തടങ്ങളിൽ ഇത്തിരി നനവ് ബാക്കിയായി.

'അല്ലല്ല കള്ളുകുടിച്ചു ചത്തു'

ഇത്തവണ വിനയന്റെ ചിരി അല്പം ബീഭത്സമായി.

തൊട്ടടുത്തിരുന്ന് പൈനാപ്പിൾ നീരുമൊത്തിക്കൊിരുന്ന സുന്ദരി ഒന്നു നടുങ്ങി ഇപ്പുറത്തേക്ക് തല ചെരിച്ചു നോക്കി.

ഈ ഭ്രാന്തൻ ചിരികേട്ട് എന്നാൽ പ്രമദ അതിനേക്കാൾ ഉഗ്രമായി നടുങ്ങി. കൺകോണുകളുടെ തുന്നൽവിട്ട് ഉരുുനിൽക്കുന്ന, ചുവപ്പുഞരമ്പോടി നിൽക്കുന്ന വട്ടകണ്ണകളിലെ നടുക്കുന്ന നോട്ടം അവൾക്കോർമ്മവന്നു. കുടിച്ച് കുടിച്ച് യാതൊരു നിലയുമില്ലാതെ വന്ന്, സ്വീകരണ മുറിയുടെ മൂലയിൽ മൂത്രമൊഴിച്ചുവെക്കുന്നതിന്റെ അറപ്പ് അവളുടെ മുഖത്ത് തെളിഞ്ഞു. കാലത്ത്, മൂത്രവിരിപ്പുകളുമായി അറപ്പും ചെളിപ്പും മറയ്ക്കാൻ മുഖം താഴ്ത്തി കിണറ്റിൻ കരയിലേക്ക് നടക്കുന്ന ഏട്ടത്തിയമ്മയുടെ അപമാനം നിറഞ്ഞ ജീവിതത്തേയും അവളോർത്തു.

'വിനയാ, അരുത്. അങ്ങനെ ചിരിക്കരുത്. നീ കുടിച്ചു മരിച്ച അച്ഛനെ പറഞ്ഞ് ചിരിക്കുമ്പോൾ, ഞാൻ കുടിച്ച് ജീവിക്കുന്ന എന്റെ സഹോദരനെയോർത്ത് കരയേിവരും.'

വിനയൻ കുറച്ചു സമയം തലകുനിച്ചിരുന്നു.

'ഒരർത്ഥത്തിൽ നീയും ഞാനും ഒരു പോലെ ദുഃഖിതരാണ്. ഇന്ന് നീയാ റെയിൽവേ സ്റ്റേഷനിലെ ലോഹബഞ്ചിൽ ആരും തുണയില്ലാതെ ഇരിക്കുന്നതുകപ്പോൾ, എത്ര പരിശ്രമിച്ചിട്ടും നിന്റെ മുഖത്ത് മായാതെ നിൽക്കുന്ന കണ്ണുനീർപ്പാടുകൾ കപ്പോൾ വാസ്തവമായും പ്രമദേ, ഞാനെന്നെത്തന്നെ കാണുംപോലെയായിരുന്നു. ചുുകൾകൊ് ചിരിക്കുമ്പോഴും നിന്റെ കണ്ണുകൾ...'

പ്രമദ ഒരിറക്കുകൂടി നാരങ്ങാനീര് അകത്താക്കി

'പ്രമദേ, നമുക്ക് ...... അല്ല നമുക്ക്, അല്പനേരത്തേക്കായെങ്കിലും ഒരു ചെറിയ സ്വർഗ്ഗം പണിഞ്ഞുകൂടേ? അല്ലെങ്കിൽ നരകത്തിന്മേൽ ഒരു പാലം. വേദനിപ്പിക്കുന്ന ഈ ലോകത്തോട് ഒരു പ്രതികാരം? നമ്മൾ തനിച്ച് ഒറ്റയ്ക്കൊറ്റയ്ക്കു മാത്രം ജീവിക്കാൻ കല്പിച്ച വിധിയോടൊന്ന് കലഹിച്ചുകൂടെ? ഏതെങ്കിലും ഹോട്ടൽമുറിയിൽ വാതിലടച്ചിട്ട് നമുക്ക് ഒന്നിച്ചിരുന്ന് കരയാം?

പ്രമദ ഗ്ലാസിന്മേലുള്ള പിടുത്തം മുറുക്കി.

എന്ത് തീരുമാനമെടുക്കണം?

സ്വന്തം ആത്മാവിലേക്ക് ഒന്നു തിരിഞ്ഞു നിന്നു പ്രമദ ചോദിച്ചു.

പിന്നെ അവൾ കൈത്തയിലെ പഴയ വാച്ചിലേക്ക് നോക്കി.

ഇനിയും മണിക്കൂർ ര് ബാക്കിയാണ്. മനസ്സിനെ കെട്ടിവരിഞ്ഞ സംഘർഷങ്ങളും രൂക്ഷമായ പോരാട്ടങ്ങളും എല്ലാം ഒന്നു മറക്കാൻ, കറുത്ത ചിത്രങ്ങൾ സ്ലേറ്റിൽ നിന്നെന്നപോലെ മായ്ച്ച് കളഞ്ഞ് പുതിയ സ്ഥലത്ത് ജീവിക്കാൻ സാധിച്ചാൽ?

'വിനയന്റെ വി എത്രമണിക്കാണ്? പ്രമദ പുരികമുയർത്തി.

വിനയൻ ഒന്നു പൊട്ടിച്ചിരിച്ചു.'

'എനിക്കെപ്പോഴും പോകാം. ഓപ്പൺ ടിക്കറ്റെടുത്താണ് പോക്ക്, ഇവിടെ' ഒരു സഹപ്രവർത്തകനോടൊപ്പം അയാളുടെ അമ്മ മരിച്ചതറിഞ്ഞ് വന്നതാണ്. ഇന്ന് മടങ്ങേതായിരുന്നു. എനിക്കെന്ന്പോയാലും മതി.'

പ്രമദ എഴുന്നേറ്റ് പേഴ്സ് തുറന്നപ്പോൾ വിനയൻ പറഞ്ഞു;

'വേ. ടാക്സികൂലി പ്രമദ കൊടുക്കും. മുറിവാടക ഞാനും. ഇവിടെ നില്ക്. ഞാനൊരു ടാക്സി പിടിക്കട്ടെ. നമ്മുടെ നാട്ടിലേതുപോലെ മുക്കിന് മുക്കിന് ഹോട്ടലുകളില്ല ഇവിടെ. ചിലമണിക്കൂറുകൾക്ക് നാമിനി ഭാര്യയും ഭർത്താവും. ഭാര്യയെ ജോലിസ്ഥലത്തേയ്ക്ക് കയറ്റിവിടും വരേക്ക് ഒരു വിശ്രമകേന്ദ്രം.'

പ്രമദ ചിരിച്ചു.

വിനയനും ചിരിച്ചു.

ടാക്സിയിൽ കയറിയിരുന്നപ്പോൾ വിനയൻ പ്രമദയെ നോക്കി.

ഭൂലോകത്തുള്ള സകലമാന ആൺമയിലുകളും ചേർന്ന് കൂട്ടനൃത്തം ചെയ്യുംപോലെ! പ്രമദ അത്ഭുതപ്പെട്ടുപോയി. വിനയന്റെ വടിവൊത്ത മൂക്കിന്റേയും നിരയൊത്ത പല്ലിന്റേയും സൗന്ദര്യം ഇത്രനേരം കാണാഞ്ഞ തെന്ത് !

അപ്പോഴാണ്, പ്രമദയുടെ വിളർത്ത കവിളുകളിൽ ഒളിച്ചിരുന്ന ഒറ്റനുണക്കുഴി വിനയൻ ശ്രദ്ധിച്ചതുതന്നെ. ഏതോ ഉൾ പ്രേരണയാൽ, പ്രമദ വിനയന്റെ കൈപ്പടം കവർന്നെടുത്തു.

എന്തൊരു ചൂടുള്ള കൈപ്പടം!

ഏതോ ഒരു സംഭ്രാന്തി പ്രമദയുടെ മുഖത്തെ ഒരു തീപ്പന്തം പോലെ ജ്വലിപ്പിച്ചു.

കഴിഞ്ഞ മുപ്പത്തിര് വയസ്സിനിടയിൽ ആദ്യമായി ഒരു പുരുഷനോടൊന്നിച്ച് ഒരേ വിയിൽ ഒറ്റയ്ക്ക്!

സൈക്കോളജി പഠിച്ച വിനയൻ ചികഞ്ഞത്, ഈ സംഭ്രാന്തിക്ക് പിന്നിലെ അവസ്ഥയെക്കുറിച്ചാണ്. പാരനോയ്ഡ് ഇറോട്ടി സിസമോ.

പാരനോയ്ഡ് ഗ്രാൻഡിയോസി റ്റിയോ? കാമാതുരത ഉളവാക്കുന്ന സംഭ്രാന്തിയോ, അതോ ഘനഗാം ഭീര്യം പ്രദർശിപ്പിക്കുന്ന പ്രതികര ണമോ? (ണെന്നു തോന്നും. കില്ലേ കുലുക്കം.'

പറഞ്ഞത് മലയാളത്തിലാ ണെങ്കിലും എല്ലാം മനസ്സിലായതു പോലെ ഡ്രൈവർ കുശുകുശുത്തു.

'റേഡിയോ ടാക്സിക്ക് ഇതിനേക്കാൾ കൂലി കൊടു ക്കേ?

ഇന്നർറിങ്ങ് റോഡിലൂടെ കാർ ഓടിക്കൊിരിക്കയാണ്. ഒന്നും പറയാനില്ലെന്ന് തോന്നി യപ്പോൾ വിനയൻ റോഡിലേക്ക് നോക്കിക്കൊ് പറഞ്ഞു;

'ദില്ലി സ്റ്റേറ്റ് ഹൈവേയിലെ പ്രധാനി ഈ ഇന്നർറിങ്ങ് റോഡാണ്. നാല്പത്തിയെട്ട് കിലോമീറ്റർ ദൂര മുള്ള സർക്കുലർ റോഡ്. പ്രമദക്കറി യാമോ, ഇതിലെ ദിവസത്തിൽ മിനിമം പതിനൊന്നായിരം വാഹന ങ്ങൾ കടന്നുപോകുന്നുത്രെ. ഔട്ടർറിങ്ങ് റോഡിനേക്കാൾ പ്രാധാന്യം ഈ റോഡിനുതന്നെ:

പ്രമദ ഒന്നും പറയാതെ പുറത്തെ കത്തുന്ന റോഡിലേക്ക് നോക്കിക്കൊിരിക്കയാണ്.

'ഇവിടെ അഞ്ചു നാഷനൽ ഹൈവേകളു് സാബ്.' ഡ്രൈവർ ഇടയ്ക്ക് കയറി പറഞ്ഞു.

പ്രമദയുടെ വലത്തെ കൈ കവർന്നുകൊ് വിനയൻ പ്രമദയുടെ കണ്ണുകളിലേക്ക് നോക്കി.

ഇത് എൻ.എച്ച്. ഒന്നിലാണ് സർ. ഇനി എൻ.എച്ച്. ര്, എട്ട്, പത്ത് ഇങ്ങനെ ഇന്ത്യൻ ടൂറിസം മിനി സ്ട്രീയും പ്രൈവറ്റ് ഓപ്പറേറ്റീവ് ടാക്സിയുമടക്കം ഇവിടെ.......'

ഡ്രൈവറുടെ ശബ്ദം നേർത്തുനേർത്തില്ലാതെയായി. കാർ നിന്നു. ഒന്നിനു പുറകേ ഒന്നായി വാഹനങ്ങൾ നിന്നു. 'ട്രാഫിക് ബ്ലോക്ക് . ഇനി രക്ഷയില്ല സാബ്'

കാറിലിരുന്ന് വിനയനും പ്രമദയും വിയർപ്പിൽമുങ്ങി. മുട്ടിലിഴ യുന്ന കുഞ്ഞുങ്ങളെ പോലെ വാഹ നങ്ങൾ പതുക്കെ ഇഴഞ്ഞുകൊിരു ന്നു.

'ഹോ, ഒന്നു വേഗം വിടെന്റെ ചങ്ങാതി. ഒന്ന് വേഗം ഓവർടേക്ക് ചെയ്തെടുക്ക്., അതാ ആ ഗാപ്പിലൂടെയെടുക്ക്'. എന്നൊ ക്കെ വിനയൻ ധൃതിപ്പെട്ടുകൊിരു ന്നു. പ്രമദയുടെ നരച്ച കുർത്ത വിയ ർപ്പിൻ നനഞ്ഞൊട്ടി. നെഞ്ചിലൂ ടെയും കാലുകളിലൂടെയും വിയർപ്പു കുതിച്ചൊഴുകുകയാണ്.

'ഹോ. എന്തൊരു ചൂട്. എന്തൊരു നരകം! നമ്മുടെ കേരള ത്തെപ്പോലെ സ്വർഗ്ഗമില്ലെന്ന് തോന്നിപ്പോകുന്നു.'

പ്രമദ ബാഗിൽ നിന്നൊരു ന്യൂസ്പേപ്പർ വലിച്ചെടുത്ത് വീശിത്തുടങ്ങി.

'കൊടിയ നിരാശ യ്ക്കിടയിലും പ്രത്യാശയുടെ ഒരു തിരിനാളം നീട്ടുവാൻ പോയ പ്പോൾ നമ്മുടെ ഷംസുവിനെ കു മുട്ടി. ഞങ്ങൾ)

(ഈ പെണ്ണും ആരും തൊടാത്ത ഒരു അനാഘ്രാത കുസുമമാവാം. തനിക്ക് പരിചയ മുള്ള എണ്ണയൊലിക്കുന്ന പ്രൊഫഷണലുകളേക്കാൾ, എന്നാലിവൾ നിസ്സംഗതയാണ്. ആദ്യമവളെ ഒന്ന് ഉണർത്തിയെടു ക്കണം.

മുൻവശത്തേക്ക് മാത്രം നോക്കി വിയോടിക്കുന്ന ചപ്രത്ത ലമുടിക്കാരൻ പയ്യൻ ശ്രദ്ധിക്കുന്നു ോയെന്നുനോക്കിക്കൊ് വിനയൻ പ്രമദയെ പതുക്കെ യൊന്ന് ആലിംഗനം ചെയ്തു.

ബാഹ്യസ്പർശം കൊ് ആന്തരികമായി അനുഭവിക്കുന്ന അനുഭൂതി, അവളിൽ ഉറങ്ങിക്കിട ക്കുന്ന രാഗസ്രോതസ്സുകളെ ഉണർത്തട്ടെ. അവളുടെ കന്മ ഷത്തെ ഒന്നു ശമിച്ചിട്ടില്ലെങ്കിൽ ഒരു പഴയ സുഹൃത്തായിരിക്കുന്ന തിൽ എന്തർത്ഥം. മഞ്ഞുമല പോലെ തണുത്തുറഞ്ഞ ഈ അന്തഃ കരണത്തെ ഒന്ന് ഉരുക്കി യെടുക്കാതെ ഇവളെങ്ങനെയാണ് ഒരു മഹാനരകത്തെ തരണം ചെയ്യുക!

ഈ ലോകം തങ്ങളോട് ശത്രുതയോടെയാണ് പെരുമാറു ന്നത് എന്ന് ഇരുവർക്കും തോന്നു ന്നത്. വെറുതെയല്ലല്ലോ.

വൈകാരിക മറകളെ പിച്ചിച്ചീന്താനോ, ദുർഗങ്ങളെ പൊളിച്ചുകളയാനോ, തങ്ങൾക്ക് ഇണകളെ കിട്ടിയിട്ടില്ല. എന്നാ ലിതാ ദാരിദ്ര്യ ദുഃഖത്തിൽ പിട യുന്ന രു മനുഷ്യാത്മാക്കൾ ലോക മര്യാദകളുടെ കപടമുഖങ്ങൾ വലിച്ചു ചീന്താൻ വെമ്പുന്നു!

'ഏതുതരം ഹോട്ടലാണ് സർ, വേത്?' മെലിഞ്ഞ മുഖമുള്ള ചപ്രത്തല മുടിക്കാരൻ ഡ്രൈവർ, ആദ്യമായി ശബ്ദിച്ചു.

'ഞാൻ പറഞ്ഞുവല്ലോ, ഏതെങ്കിലും സാധാരണ ഹോട്ടൽമതി.'

വിനയൻ ഹിന്ദിയിൽ ഗൗരവം വിടാതെ പറഞ്ഞു.

'ബ്ലൂ സഫയർ ഹോട്ടൽ, ഹോട്ടൽ ആഷിയാന ഇതെല്ലാം സിറ്റി യിലെ ഇടത്തരം ഹോട്ടലുകൾ. ഹോട്ടൽ ലേ ഹെറിറ്റേജ്, മന്ദാകിനി ഗ്രാന്റ് ഇവ കോണോട്ട് പ്ലേസിനടു ത്ത്. എല്ലാറ്റിനും ഒരു ആയിരം, ആയി രത്തിഅഞ്ഞൂറ്....'

വിനയൻ ഒച്ചയെടുത്തു.

'ഞങ്ങൾക്കൊന്ന് കുളിക്ക ണം. അരമണിക്കൂർ നടുചായ്ക്കണം. പറഞ്ഞില്ലേ. ഒരഞ്ഞൂറോ അതിൽ താഴെയോ'.

ഇപ്പോൾ കണ്ണാടിയിൽ തെളിയുന്ന അവന്റെ മുഖത്ത് ഒരു പരി ഹാസപ്പുഞ്ചിരി.

'തെളിച്ചു പറഞ്ഞത് നന്നായി. എങ്കിൽ സിറ്റിവിട്ട് പോവേ വരും. ഇരുന്നൂറ്റമ്പതിന്, മുന്നൂറിന് ഒക്കെ റൂം കിട്ടും സൗകര്യം കുറയുമെ ന്നുമാത്രം.

'റേഡിയോ ടാക്സി വിളി ക്കാനായിരുന്നു ആദ്യം വിചാരിച്ചത്. അപ്പോഴേക്കും ഈ ചാവാളിപ്പയ്യൻ കഴുത്തിൽ തൂങ്ങി. തനിപാട്ട വിയാ ണെങ്കിലും അവന്റെ വർണ്ണനകൾ കേട്ടാൽ പറക്കുന്ന കുതിരയാ താമ സിച്ച ഹോട്ടലിലെ മാനേജരാണ് അവൻ. അന്ന് പഴയകഥകൾ പറഞ്ഞ കൂട്ടത്തിൽ നിന്റെ തലമുടിച്ചന്തത്തെ കുറിച്ച് അവൻ പറഞ്ഞു. ശ്വാമി നിഷ്ടം നിന്റെ നുണക്കുഴികളായിരു ന്നു. സെബാസ്റ്റ്യന് നിന്റെ കണ്ണുകൾ, എന്നാൽ നിന്നെ മൊത്തമായും ഇഷ്ട പ്പെട്ടത് ആരായിരുന്നു എന്നറി യാമോ? ഈ വിനയൻതന്നെ.'

പ്രമദ അല്പം അമ്പരന്നു തലയുയർത്തി.

'സത്യമാണോ? ഞാനറിയാത്ത എന്തെല്ലാം കഥകൾ.'

അവർ കുറേനേരം മിതിരുന്നു.

വിനയൻ വളകളില്ലാത്ത തരി ശായ ആ കൈത്തയിൽ തലോടി ക്കൊിരുന്നു. അവൾ പതുക്കെ പിടിവി ടുവിച്ചുകൊ് പറഞ്ഞു.

'പക്ഷേ വിനയനറിയാമോ, ഞാൻ മൊത്തത്തിൽ ഇഷ്ടപ്പെട്ടത് ഫൈനൽ ഇയറിലെ ഹരിമോഹനനെ ആയിരുന്നു. ആരോരുമറിയാതെ ഞങ്ങൾ പ്രണയിച്ചു. പ്രണയം ഒരാൾക്ക് സത്ത നല്കുന്നു. ആർജവം നല്കുന്നു.

വിനയന്റെ മുഖം അനല്പ മായി ചുകന്നു. അസൂയയല്ല, ആരാധ നകൊ് ഹൃദയം വിജൃംഭിച്ചു. ഹരിമോ ഹൻ! കോളേജിലെ ഏറ്റവും ധിഷ ണാശാലിയായ, കോമളനായ ഹരി മോഹനാണോ പ്രമദയ്ക്ക് പ്രണയി താവായത്? പക്ഷേ, എന്തൊരു വൈപരീത്യം' അവർക്ക് ഒന്നിക്കുവാ

നായില്ലല്ലോ.

'ഹരിമോഹൻ മരിച്ചിട്ട് ഇപ്പോൾ എത്ര വർഷമായികാണും?'

പ്രമദ ഒന്നു നടുങ്ങിയതായിതോന്നി. ചോദ്യത്തെ ശ്രദ്ധിച്ചതായി നടിക്കാതെ, വാഹനങ്ങളുടെ നീനിരയെ ചവർപ്പോടെ നോക്കിക്കൊ് അവൾ പരിതപിച്ചു.'ഹോ, ഇതിപ്പഴൊന്നും തീരുമെന്ന് തോന്നുന്നില്ല. ഒക്കെ സഹിക്കാം. പക്ഷേ, ഈ ചൂട്.....!

അകത്തും പുറത്തും ഉഷ്ണിച്ചു പൊരിയുന്ന ഈ പെണ്ണിന് പക്ഷേ, എന്തൊരു തന്റേടമാണ്! എത്ര പൊരിഞ്ഞാലും അഭിമാനത്തെ കൈവിടുന്നവളല്ല, ഇവൾ.

പ്രമദ ക്ഷീണാധിക്യത്താൽ സീറ്റിലേക്ക് ചാരി കണ്ണുകളടച്ചു. വിനയൻ അനുകമ്പയോടെ അവളെ ശ്രദ്ധിച്ചു. എത്ര ഊർജസ്വലമായിരുന്നു, സൗമ്യമായിരുന്നു മുമ്പീരൂപം. പട്ടിണിയുടെ പാനപാത്രത്തിൽനിന്ന് ഏറെ കയ്പ്പുനീർ കുടിക്കേിവന്ന ഇവളുടെ ഭാവി എന്താണ്! അനക്കമറ്റ് വിനയൻ അവളുടെയകൃശദേഹത്തെ നോക്കിക്കൊിരുന്നു. ഉറക്കത്തിൽ പ്രമദയുടെ തല വിനയന്റെ ചുമലിലേക്ക് ചാഞ്ഞു. തലമുടി പാറിപ്പറന്ന് അയാളുടെ നെഞ്ചിലേക്കും മുഖത്തേക്കും ചൊരിഞ്ഞു വീഴുകയാണ്. ഈ പെൺകിടാവിൽ നിന്നും യൗവ്വനമെല്ലാം ഊർന്നുപോയിട്ടും തലമുടി മുറ്റിയും തഴച്ചുംനിന്ന് പുരുഷന്മാരെ മോഹിപ്പിക്കുന്നതെന്ത്!

വിനയൻ വിയർപ്പു പൊടിഞ്ഞു നിൽക്കുന്ന ആ വാടിയ മുഖം പതുക്കെ തലോടി.

ഇപ്പോൾ പ്രമദ ഉറങ്ങുകയല്ലെന്ന് വിനയനറിയാം. എന്നാലവൾ ഒരുപൂച്ചക്കുട്ടിയെപ്പോലെ ഒതുങ്ങിക്കിടക്കുകയാണ്. പൂച്ചകൾക്ക് മാത്രമല്ല മനുഷ്യനും വാത്സല്യത്തലോടൽ ആവശ്യമു്. അതവരുടെ ചർമ്മത്തിന്റെ പാരുഷത്തെ എടുത്തുകളയും.

തടയാനെന്നവണ്ണം പ്രമദ അയാളുടെ വിരലുകളിൽ പിടിച്ചു. ഒരു പക്ഷേ അവൾ പാതിമയക്കത്തിൽ ഹരിമോഹന്റെ സ്പർശത്തോട് തന്റെ വിരലുകളെ ചേർത്തുവെക്കയാവും. വാരിയിലൂടെ ഒന്നു ചേർത്തു പിടിക്കാൻ ശ്രമിച്ചതേയുള്ളു. പ്രമദ ഉഗ്രമായി പിടഞ്ഞു.

പുരുഷനിലോ സ്ത്രീയിലോ ലൈംഗീകത ഉണരുമ്പോൾ മസ്തിഷ്കത്തിലെ ലിംബിക് പ്രദേശമാകെ തരളിതമാവുമത്രേ. കൈകാലുകളിലും കണ്ഠപ്രദേശത്തും കരളിലുമെല്ലാം പ്രാണശക്തി ഊർജപ്രവാഹത്തിന്റെ കർമോത്സുകതയാവുമത്രേ.

വി പതുക്കെ ഞരങ്ങി നീങ്ങിത്തുടങ്ങിയിരിക്കുന്നു.

താനെന്തൊക്കെയാണ് ചെയ്യുന്നതെന്ന് വിനയന് മനസ്സിലായില്ല. ബാഹ്യരതി എത്ര ഉത്കൃഷ്ടനായ മനുഷ്യനേയും കീടസമാനമാക്കുമെന്ന് അവർക്ക് ബോധ്യമായി. ബുദ്ധിമങ്ങി നില്ക്കുമ്പോൾ, ഹിംസ്രമൃഗങ്ങളെപ്പോലെ പരസ്പരം കൊന്നുതിന്നുന്നരീതിയിലേക്ക് ഉദ്ദീപിക്കുകയാണ്. ശരീരമാകെ ക്രഢ നടക്കും പോലെ സ്വപ്ന സദൃശമായി പ്രമദ വിനയന്റെ മടിത്തട്ടിലേക്ക് തളർന്നുവീണു. തങ്ങളിൽ ഉദ്ദീപമാകുന്ന വൈദ്യുതികാന്ത പ്രസരങ്ങൾക്ക് ശരീരങ്ങൾ ഒരു വിലങ്ങുതടിയായി അവർക്കുതോന്നി.

ഏകാഗ്രതയോടെ വിയോടിക്കുന്ന ഡ്രൈവറുടെ കാൽ വീും ബ്രെയ്ക്കിന്മേൽ അമർന്നു. വി ഒരു കുലുക്കത്തോടെ നില്ക്കുകയാണ് വിനയനെ അപ്പാടെ ഊറ്റിയെടുക്കുവാൻ വെമ്പിനില്ക്കുന്ന പ്രമദയുടെ ശരീരം അല്പമൊന്നയഞ്ഞു. എന്നാൽ, ഇണയുടെ രക്തത്തെ ഉള്ളിലേക്ക് വലിച്ചെടുക്കാൻ ശ്രമിക്കുന്ന വിനയനെ തടുക്കുവാൻ അവൾക്കായില്ല. കാമം വിവേകത്തെ എങ്ങനെ തുടച്ചു മാറ്റുന്നു!

ഡ്രൈവർ, പുറത്തിറങ്ങി അന്വേഷിച്ചു വരാമെന്നു പറഞ്ഞു പോയത് അവർ ശ്രദ്ധിച്ചിരുന്നില്ല. ഞെങ്ങിഞെരുങ്ങി വാഹനങ്ങൾക്കിടയിലൂടെ നടന്നുവന്ന് അയാൾ സീറ്റിലേക്ക് കടന്നിരുന്ന് ഡോർ വലിച്ചടച്ച ശബ്ദം കേട്ട് തിളച്ചു പൊങ്ങുന്ന കായികവും മാനസികവുമായ ഊർജത്തിന്മേൽ, ചുട്ടുപഴുത്ത ഇരുമ്പിന്മേൽ ശീതജലം തളിച്ചപോലെ അവർ ഉഗ്രമായി നടുങ്ങിവേർപ്പെട്ടു.

'എവിടെയോ ആക്സിഡന്റുായിട്ട് സാബ്. ഇന്നിനി എപ്പോഴാണോ വി മുന്നോട്ടെടുക്കാനാവുക!

കാമപീഡിതമായ മനസ്സ് പെട്ടെന്ന് അടക്കാനാവാത്ത രോഷത്തെ പുറത്തേക്ക് തുപ്പി

'എന്തു വിഡ്ഢിത്തമാണ് നീയീപറയുന്നത്! ഏത് നരകത്തിലേക്കാണ് നീ ഞങ്ങളെ കൊുപോകുന്നത്! നിന്റെ ഹോട്ടൽ മുറിയിലേക്ക് ഇത്ര ദൂരമോ? സമയമെന്തായെന്ന്? എന്റെ ഭാര്യയുടെ തീവിയെത്താൻ ഇനി മുക്കാൽ മണിക്കൂർ. അറിയാമോ?

'ദില്ലിയിലെ ട്രാഫിക്ക് ബ്ലോക്കിനെകുറിച്ച് യാതൊന്നുമറിയാത്തതുകൊാണ് സാബ് ഇങ്ങനെ....'

'ഈ വിഡ്ഢിയോട് നമ്മെ വീും അതേ റയിൽവേ സ്റ്റേഷനിൽ എത്തിക്കാൻ പറയൂ വിനയാ. എനിക്ക് വിതെറ്റിക്കൂടാ.

രക്തമാകെ ഇരച്ചുകയറി സുന്ദരമായിതീർന്ന പ്രമദയുടെ മുഖത്തേക്ക് വിനയൻ രൂക്ഷമായ എതിർപ്പോടെ നോക്കി.

'ഓ.കെ. സാബ്. ഇനി ബ്ലോക്ക് തീർന്നാൽ വാഹനങ്ങളെ എങ്ങനെയെങ്കിലും മറികടന്ന് മറ്റൊരു എളുപ്പവഴിയിലൂടെ ഞാൻ സ്റ്റേഷനിലെത്തിക്കാം. മേംസാബിന് വി തെറ്റില്ല.'

കാർ ഏതൊക്കെയോ ഇടുങ്ങിയ വഴികളിലെ പൊടിപടലങ്ങളിലൂടെ നീങ്ങിത്തുടങ്ങി. ശരീരത്തിലെ അവയവങ്ങളെല്ലാം ഊരിത്തെറിച്ച് ആകെ ഛിന്ന ഭിന്നമായിത്തീരും പോലെ!

പ്രമദ ഉറക്കെ ചിരിക്കാൻ തുടങ്ങി.

'മരുഭൂമിയിലെ ഒട്ടകങ്ങൾക്കു കടിച്ചുതിന്നാൻ ആകെ കിട്ടാനുള്ള ആഹാരം കള്ളിമുള്ളാണ്. കൂർത്തുമൂർത്ത മുള്ളുകളുള്ള ഈ കള്ളിച്ചെടി അവ ചവച്ചരയ്ക്കുന്നു. ആർത്തിയോടെ മുള്ളുചവയ്ക്കുമ്പോൾ വായും നാവുമെല്ലാം മുറിഞ്ഞ് ചോരയൊഴുകാൻ തുടങ്ങും. സ്വന്തം വായിൽനിന്നു വരുന്ന ചോരയുടെ രുചി കള്ളിമുള്ളുകളുടെ രുചിയെന്നു നിനച്ച് അവ കൂടുതൽ കൂടുതൽ ആർത്തിയോടെ മുള്ള് ചവച്ചുതുടങ്ങും.'

ഭീകരശബ്ദത്തോടെ ടാക്സി ഉരഞ്ഞുനിന്നപ്പോൾ പ്രമദയുടെ കൈയിലേക്ക് ബാഗേല്പിച്ച്, അവളെ റയിൽവേസ്റ്റേഷനിലേക്ക് ഉന്തിത്തള്ളിക്കൊ് വിനയനും ചിരിച്ചു.

'ഇനി എന്റെ കള്ളിമുള്ള് വേഗം ചെന്നാട്ടെ. ഒന്നാമത്തെ ഫ്ളാറ്റ് ഫോമിൽത്തന്നെ അതാ തന്റെ തീവി!'

വിനയന്റെ കൈയിൽനിന്ന് ധൃതിയിൽ ബാഗ് വാങ്ങി തോളിലിട്ട് കൈവീശി പ്രമദയും ചിരിച്ചു.

സംസാരം

# ആദ്യത്തെ അവാർഡ്



– ഇ. വാസു

കാരണം എന്തെന്നറിയില്ല, കുട്ടിക്കാലത്ത് മിയ്ക്കപ്പോഴും കൈകാലിട്ടടിച്ച് ഉറക്കെ കരയുന്ന കുട്ടിയായിരുന്നു ഞാൻ. അത് കുകൊവന്ന അച്ഛന്റെ സ്നേഹിതൻ കളിയാക്കിയതിന് അദ്ദേഹത്തെ 'പോടാ' എന്നു വിളിച്ചതും ഓർമ്മയുട്.

മറ്റുള്ളവരുടെ ശ്രദ്ധ തന്നിലേക്ക് ആകർഷിക്കുന്നതിനുകൂടിയാണ് കുട്ടി കരയുന്നത്. കുട്ടിയുടേത് നിഷ്കളങ്കതയാണെങ്കിൽ ഇതേ നിഷ്കളങ്കതയാവണം എഴുത്തിന്റെ പിന്നിലും.

ബാലസാഹിത്യ ട്രസ്റ്റിന്റെ അദ്ധ്യക്ഷൻ മലയാള മനോരമയുടെ എല്ലാമായ ശ്രീ. കെ.എം. മാത്യുവാണ് മനോരമ പ്രസിദ്ധീകരണമായ ബാലരമയിൽ കടവനാട് കുട്ടികൃഷ്ണൻ പത്രാധിപരായിരുന്നപ്പോഴാണ് ആിക്കുട്ടി എന്ന ട്രസ്റ്റിന്റെ ഇക്കൊല്ലത്തെ സമ്മാനത്തിനർഹമായ എന്റെ കൃതിയുടെ ഒരു ഭാഗം ഒന്നിൽനിന്ന് ഒന്നിലേയ്ക്ക് എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയത്. അതിൽ ഒരു കഥ പ്രസിദ്ധീകരിച്ചപ്പോൾ എന്റെ ഒമ്പത് വയസ്സായ മകൾ പഠിക്കുന്ന സ്കൂളിന്റെ ഹെഡ്മിസ്ട്രസ് അന്ന് എന്നെ കാണണമെന്ന് ആവശ്യപ്പെട്ടു. ഇന്നിപ്പോൾ ഇവിടെ ചെയ്തപോലെ അഭിനന്ദിക്കാനായിരിക്കും എന്നാണ് ഞാൻ കരുതിയത്. മകൾ കരയുന്നത് സന്തോഷം കൊന്നൊണ് ധരിച്ചത്. സ്വാതന്ത്ര്യദിന പരേഡിന്റെ പേരിൽ നടത്തുന്ന ഒരുക്കങ്ങൾ സാമ്പത്തികശേഷി കുറഞ്ഞ രക്ഷിതാക്കൾക്ക് പീഠനമാകുന്നത് അച്ഛൻ ചിത്രീകരിച്ചത് മകൾക്കാണ് പീഠനമായത്. സ്കൂളിൽ നിന്ന് ടി.സി. വാങ്ങി വേറെ പ്പോകേിവന്ന മകൾക്ക് സാഹിത്യതാല്പര്യം ഇല്ലാതെ വന്നതിൽ അത്ഭുതമില്ലല്ലോ. കസ്തൂർബയെ കഥാപാത്രമാക്കി ഞാൻ വന്ദേമാതരം എഴുതിയപ്പോൾ അവളുടെ മകൻ ഓരോ പേജും കീറിക്കളയുകയായിരുന്നു.

ഒരു കൃതി ബാലസാഹിത്യമാകുന്നത് എങ്ങിനെ എന്ന് എനിക്ക് നിശ്ചയമില്ല. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ശ്രീ. സി.ജി. ശാന്തകുമാർ ഒരു നോവൽ ആവശ്യപ്പെട്ടപ്പോൾ ഞാൻ പതിവുപോലെ എന്റെ കുടുംബത്തിലേയ്ക്കുതന്നെ നോക്കുകയായിരുന്നു.

അഞ്ചുമക്കളിൽ ഇളയവനെങ്കിലും എന്റെ രചനകൾ ജ്യേഷ്ഠന്മാരാണ് വായിക്കുക എന്ന് ഞാൻ ഭയന്നു. അക്ഷരാഭ്യാസം തീരെയില്ലാത്ത അമ്മ മാത്രമല്ല, ജ്യേഷ്ഠന്മാരും അതൊന്നും വായിച്ചില്ല. എഴുത്തുകാരനായതുകൊ് എന്നെ ഭർത്താവായി സ്വീകരിച്ച ഭാര്യയും കാര്യമായി ഇതുവരെ ഒന്നും എഴുതിയിട്ടില്ലെങ്കിലും സ്വയം ഒരെഴുത്തുകാരിയായതിനാൽ അധികമൊന്നും വായിച്ചിട്ടില്ല.

മക്കളായപ്പോൾ അവർക്കെന്തുതോന്നും എന്നു കരുതി കുടുംബത്തിലിരുന്ന് വായിക്കാവുന്ന തോതിൽ എഴുതി. എഴുത്തിൽ പഴഞ്ചൻ മൂല്യങ്ങളായ മനുഷ്യപ്പറ്റിലും സ്നേഹത്തിലും അന്തസ്സിലും ത്യാഗത്തിലും വില കൽപ്പിക്കുന്ന യാഥാസ്ഥിതികനായി. അവരും വായിക്കാതെ വന്നപ്പോൾ ചെറുമക്കളായി എന്റെ ഉന്നം.

ബാലസാഹിത്യത്തിന്റ മർമ്മം അറിയാവുന്നവർ പുരസ്കാരത്തിന് തെരഞ്ഞെടുത്ത 'ആിക്കുട്ടി' പക്ഷെ അവരും വായിയ്ക്കുമെന്ന് തോന്നുന്നില്ല. കുട്ടികളുടെ അഭിരുചികൾ മാറിക്കഴിഞ്ഞു.

"എഴുത്തുകാരന്റെ പരിശ്രമങ്ങൾക്ക് അംഗീകാരം ലഭിയ്ക്കുന്നപക്ഷം അത് കൂടുതൽ മുന്നോട്ടുപോകാനുള്ള പ്രോത്സാഹനമായെടുക്കാം. എതിർപ്പ് നേരിടുന്നപക്ഷം തിരിച്ചടിയ്ക്കാൻ അത് അവനെ പര്യാപ്തനാക്കും. എന്നാൽ ജീവിച്ചിരിക്കുന്ന വർക്കിടയിൽ തന്റെ ശബ്ദം ഉയർത്തിയിട്ടും അത് അംഗീകാരമോ തിരസ്കാരമോ ഇല്ലാത്ത നിലയിൽ അസ്തമിയ്ക്കുക.

ഇത് അറ്റമില്ലാത്ത മരുഭൂമിയിൽ, എന്തുചെയ്യണം എന്നറിയാത്ത അവസ്ഥയിൽ ഉപേക്ഷിക്കപ്പെട്ട തോന്നലുാക്കും.

ഞാൻ ഏകാന്തതയെപ്പറ്റി ബോധമുള്ളവനായിത്തീർന്നത് അപ്പോഴാണ്."

പതിനെട്ടാം നൂറ്റാിൽ ജീവിച്ചിരുന്ന ചൈനീസ് എഴുത്തുകാരൻ ലൂ സൂൺ പറഞ്ഞതാണിത്. അടുത്തകാലത്ത് കഥാവശേഷനായ ഗസൽ രാജാവ് ജഗ്ജിത്ത് സിങ്ങ് 'ആവാ സോൻ കി ബാസാറോ മെഖാ മോശി പെർചാനെ കോൻ' എന്നു പാടിയത് (ശബ്ദങ്ങളുടെ ചന്തയിൽ നിശ്ശബ്ദത ആര് തിരിച്ചറിയാൻ) ഇത് എഴുത്തുകാരന്റെ മാത്രം നിസ്സഹായതയല്ല എന്ന് വ്യക്തമാക്കുന്നു.

ജനിച്ചുവളർന്ന് കുടുംബത്തിലേക്കു നോക്കിയപ്പോൾ സ്വാർത്ഥത തീരെയില്ലാത്ത ഒരംഗത്തെ മാത്രമാണ് ഞാൻ കത്.

അത് ആിക്കുട്ടി ആയിരുന്നു. (എന്റെ അമ്മാവന്റെ പേരാണ് ആി എന്നത്.)

അതിന്റെ കാരണം അവന്റെ ബുദ്ധി വികസിയ്ക്കാത്തതാണെന്ന് മനശ്ശാസ്ത്ര ഡോക്ടർമാർ പരിശോധനയിൽ കു!

വർഷങ്ങളായി ഒന്നാംക്ലാസിലായിരിക്കുകയും തന്റെ അനുജൻ രിലേക്ക് ജയിക്കുകയും ചെയ്തപ്പോൾ സ്കൂളിൽ ഉളവായ പ്രതിസന്ധിയ്ക്ക് ആിക്കുട്ടിതന്നെയാണ് പരിഹാരം നിർദ്ദേശിച്ചത്.

അവനെ രാംക്ലാസിലിരുത്തുക!

എല്ലാവരേയും പോലെ ജയം ആഗ്രഹിക്കുന്ന അവനെ ആശ്വസിപ്പിക്കാൻ ടീച്ചർക്ക് അവനെ ഒടുവിൽ ഒന്നാം ക്ലാസിൽനിന്ന് ഒന്നാംക്ലാസിലേക്ക് പാസ്സാക്കേിവന്നു.

മലയാളത്തിൽ ഞാൻ കഥയും നോവലുമെല്ലാം എഴുതാൻ ആരംഭിച്ചിട്ട് അമ്പതിലേറെ വർഷമായി. ജീവിയ്ക്കാനുള്ള വെപ്രാളത്തിൽ എവിടെയെങ്കിലും ഒന്ന് എത്തിയാൽമതി എന്ന നെട്ടോട്ടത്തിനിടയിൽ രചിച്ച യാതൊന്നിനേയും പുരസ്കാരങ്ങളൊന്നും തേടി വന്നില്ല എന്നത് സ്വാഭാവികമാണ്. ഒരു പരാജയത്തിൽ നിന്ന് മറ്റൊന്നിലേയ്ക്കുള്ള ധീരമായ കാൽവെയ്പ്പാണ് വിജയമെന്നു വിശ്വസിക്കുന്നതാണ് നല്ലതെന്ന് ചില പുരസ്കാരസമിതികളിൽ അംഗമായ അനുഭവം തെളിയിച്ചു.

എന്റെ മറ്റ് കൃതികളെപ്പോലെ ഇതും ഒരു വിജയഗാഥയും പരാജയത്തിന്റെയും ദുഃഖത്തിന്റെയും ആവിഷ്കാരമാണ്. മനസ്സും മസ്തിഷ്കവും താളംതെറ്റിയവരുടെ ഓട്ടത്തിന് അംഗീകാരമോ?

വിജയലക്ഷ്യത്തോടെയും അപൂർവ്വമായ കൈപ്പുണ്യത്തോടെയും മത്സരരംഗത്തുവരുന്നവരാണ് ആദരിക്കപ്പെടുക.


അല്ലാതെയും ആവാമെന്നും അത് സാഹിത്യത്തിലാണെന്നും പ്രഖ്യാപിക്കുന്ന ഈ അവാർഡ് ഡി.സി. കിഴക്കേമുറി ഏർപ്പെടുത്തിയതാണെന്ന് സന്തോഷം തരുന്നു. എന്നെ സാഹിത്യപ്രവർത്തക സഹകരണസംഘത്തിൽ അംഗമാക്കിയത് ഡി.സി. സെക്രട്ടറിയായിരുന്നപ്പോഴാണ്.

അപേക്ഷിക്കാതെ തന്നെയായിരുന്നു അത്.

കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രസിദ്ധീകരണവും മില്ലേനിയം അവാർഡ് ലഭിച്ചതുമായ 'ആിക്കുട്ടി' എന്ന നോവലിന് പിന്നീട് കോട്ടയത്തെ കൈരളി ബുക്ക്ട്രസ്റ്റ് അവാർഡ് നൽകുന്ന ചടങ്ങിൽ ചെയ്തത്. കുഞ്ഞുണ്ണിമാഷും കെ.സി. നാരായണനും, എം.കെ. മാധവൻനായരും പാലാ. കെ.എം. മാത്യൂവും, എസ്. ശിവദാസുമെല്ലാമായിരുന്നു അവാർഡ് നിശ്ചയിച്ചത്. രവി ഡി.സി.യും, കെ.എം. മാത്യുവും പങ്കെടുത്തു.

ലേഖനം

# ImgvN_ w¥m-hp-IÄ h\y-X-bpsS ac-W-¡p-gntbm?



വിനോദ്കുമാർ ദാമോദർ



ഈകഴിഞ്ഞ ദിവസം പാർലിമെന്ററിൽ ഉന്നയിക്കപ്പെട്ട ഒരു പ്രധാന ചോദ്യത്തിന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം ചുമതല വഹിക്കുന്ന ശ്രീമതി ജയന്തി നടരാജൻ നൽകിയ മറുപടി അത്യന്തം ഞെട്ടിപ്പിക്കുന്ന തരത്തിലുള്ളവയായിരുന്നു. അതായത് രാജ്യത്തൊട്ടാകെ 2010 വർഷത്തിൽ 2910 സംരക്ഷിത വന്യജീവികൾ കാഴ്ച ബംഗ്ലാവുകളിൽ മരണപ്പെടുകയുായി. ഇതിൽ 109 എണ്ണം മരണപെട്ടത് കാഴ്ച ബംഗ്ലാവുകളെ നിയന്ത്രിയ്ക്കുവാൻ വേി രൂപീകരിക്കപെട്ട കേന്ദ്ര സൂ അതോറിറ്റിയുടെ ഓഫീസിനടുത്ത് സ്ഥിതിചെയ്യുന്ന ഡൽഹി കാഴ്ചബംഗ്ലാവിലാണെന്നത് വളരെ നിർഭാഗ്യകരമാണെന്നുള്ളതാണ്.


കാഴ്ചബംഗ്ലാവുകൾ നിർമ്മിയ്ക്കപ്പെട്ടത് തന്നെ വംശനാശം സംഭവിച്ചുകൊിരിയ്ക്കുന്ന അപൂർവ്വ വന്യജീവികളേ സംരക്ഷിയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ്. വനമേഖലയിൽ വളരുവാൻ ബുദ്ധിമുട്ടുള്ള വന്യജീവികളെ സംരക്ഷിച്ചു നിലനിർത്തുവാൻ പൂർണ്ണ രൂപത്തിൽ കാഴ്ച ബംഗ്ലാവുകൾ സജ്ജമാണോയെന്ന് പരിശോധിക്കുവാൻ വേിയാണ്, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ ഡൽഹിയിൽ സെൻട്രൽ സൂ അതോറിറ്റി രൂപീകരിച്ചത്. കാഴ്ച ബംഗ്ലാവുകളിൽ വന്യജീവികൾക്ക് ആവശ്യത്തിനു സൗകര്യങ്ങൾ ലഭിക്കുന്നുോയെന്നും അവയോടു ശരിയായ രീതിയിൽ പെരുമാറുന്നുോയെന്നും അവയ ്ക്ക് വേുന്നവിധം വെറ്റിനറി സൗര്യങ്ങൾ ലഭിക്കുന്നുോയെന്നും പരിശോധിക്കാനും ഇല്ലെങ്കിൽ അതിനുചിതമായ നടപടികൾ സ്വീകരിയ്ക്കാനും ഉതകുന്ന തരത്തിൽ മെമ്പർ സെക്രട്ടറിയുടെ കീഴിൽ സ്റ്റാച്യൂട്ടറി പദവിയോടു കൂടിയാണ് അതോറിറ്റി രൂപികൃതമായത്.


കേന്ദ്ര സൂ അതോറിറ്റിയ്ക്ക് തങ്ങളുടെ അധികാരമുപയോഗിച്ച് വേണമെങ്കിൽ ഏതോരുകാഴ്ച ബംഗ്ലാവിന്റെ പ്രവർത്തനവും നോട്ടീസ് നൽകിയതിന് ശേഷം നിർത്തൽ ചെയ്യിച്ച് അവിടത്തേ വന്യമൃഗജീവികളെ പുനരധിവാസത്തിനുള്ള നടപടി സ്വീകരിയ്ക്കാം. ഈ തരത്തിൽ പുനരധിവസിപ്പിക്കൽ മൃഗങ്ങൾക്ക് പീഡനം ഉാക്കുവാനല്ല മറിച്ചു അവരുടെ രക്ഷയ്ക്കാണെന്നുള്ള വസ്തുത മറക്കരുതെന്നാണ് കേന്ദ്ര സൂ അതോറിറ്റിയുടെ പ്രത്യേകനയം.

കേന്ദ്ര സൂ അതോറിറ്റി നേരിട്ട് നിരീക്ഷണം നടത്തുകയും രാജ്യത്തെ ഏറ്റവും നല്ല കാഴ്ചബംഗ്ലവുമായി അറിയപെടുന്ന ഒറീസ്സയിലേ നന്ദൻ കാനൻ കാഴ്ച ബംഗ്ലാവിലെ കടുവയ്ക്ക് ജനിച്ച അഞ്ചു കുഞ്ഞുങ്ങളും മരിച്ച സംഭവം രാജ്യത്തെ വന്യജീവി സ്നേഹികളേ ഒന്നടങ്കം ഞെട്ടിച്ചിരിയ്ക്കുകയാണ്. ആദ്യമായി അഞ്ചു കുഞ്ഞുങ്ങൾ,കടുവകൾക്ക് ജനിക്കുന്നതുമൂലം സന്തോഷിച്ചിരുന്നവർക്ക് ഞെട്ടലുകൾ ഉളവാക്കുന്ന തരത്തിലുള്ള ഈ മരണം സ്വാഭാവികം മാത്രമാണെന്ന് നന്ദൻ കാനൻ നാഷണൽ പാർക്കിലെ ഡപ്യൂട്ടി ഡയരക്ടർ സിബനാരായൺ മൊഹപാത്ര പറയുകയുായി.

ഇതിനുമുൻപ് ഇവിടെ കടുവകൾക്ക് അഞ്ചു കുഞ്ഞുങ്ങൾ ജനിച്ച സംഭവങ്ങൾ ഉായിട്ടുങ്കിലും ജീവനോടെ ജനിക്കുക പതിവുായിട്ടില്ല. വർഷങ്ങൾക്ക് മുമ്പിവിടെ തുടർച്ചയായി പത്തോളം കടുവകൾ വൈറസ് രോഗം പടർന്നതുമൂലം മരണപ്പെട്ടത് വൻ വിഷയവും വിവാദവുമായി മാറിയിരുന്നു. എന്നാൽ കാഴ്ച

# `mjbpw thjhpw






വിശ്വവിദ്യാപീഠം

വട്ടക്കിണർ, കോഴിക്കോട് - 673018

ഫോൺ : 2321018

ക്ലാസുകൾ : 7,8,9,SSLC,+2



ഒറീസ്സയിലെ നന്ദൻകാനൻ കാഴ്ച ബംഗ്ലാവിലെ പെൺകടുവയുടെ അഞ്ചുകുഞ്ഞുങ്ങൾ മരണപ്പെട്ടത് വലിയ ഒരു തിരിച്ചടിയായി ഈയടുത്ത ദിവസം വന്യജീവി സ്നേഹികൾ പറഞ്ഞു.

ബംഗ്ലാവുകൾ പുതിയതായി രൂപീകരിക്കുമ്പോൾതന്നെ ശ്രദ്ധിക്കുവാൻവേി കർശനമായി ഉാക്കിയ ഒരു നിയമമാണ് വനഭൂമി വെട്ടിത്തെളിച്ചുകൊു കാഴ്ചബംഗ്ലാവിനുള്ള സൗകര്യങ്ങൾ ഉാക്കരുതെന്ന വ്യവസ്ഥ.

കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിൽ തന്നെ വരുന്ന ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയായ സെൻട്രൽ സൂ അതോറിറ്റി നിരീക്ഷിച്ചുകൊിരിക്കുന്ന ഒരു ഇടമാണ് മുംബൈ മഹാനഗരത്തിനടുത്ത സഞ്ജയ്ഗാന്ധി നാഷണൽ പാർക്കിലെ 200 ഏക്കർ സ്ഥലം,

മുംബൈയിലെ ഇപ്പോഴത്തെ ചില കാഴ്ചബംഗ്ലാവുകൾ നഗരമദ്ധ്യത്തിൽ കിടന്നു മൃഗങ്ങൾ നരകിക്കുന്നത് കണക്കിലെടുത്താണ് 400 ഏക്കർ പ്രകൃതിദത്തമായ സ്ഥലത്തേക്ക് ഇത് പുനസ്ഥാപിക്കുവാൻ തീരുമാനമായത്. നഗരത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് ഇവിടെ 200 ഏക്കർ വനഭൂമി വിട്ടുകൊടുത്തത്. സംരക്ഷണം നൽകപ്പെടുവാൻവേി കാഴ്ചബംഗ്ലാവുകളിൽ കഴിഞ്ഞുവരുന്ന വന്യജീവികളുടെ ക്ഷേമം ഉറപ്പുവരുത്തുവാൻ വേി കേന്ദ്ര സൂ അതോറിറ്റി ഇറക്കുന്ന ചില നിയമങ്ങളെങ്കിലും വിവാദങ്ങളായിട്ടു്.

അത്തരത്തിലുള്ള ഒരു നിയമമാണ് പല സർക്കസ്സുകളിലും ഇന്ന് സുരക്ഷിതമായിരിക്കുന്ന ആനകളെ സംസ്ഥാനവനം വകുപ്പിന് കൈമാറാൻ ഇറങ്ങിയിട്ടുള്ള ഉത്തരവ്. കുറെ സർക്കസ്സുകൾ ആനകളടക്കമുള്ള വന്യജീവികളെപ്പെടുത്തി വർഷങ്ങൾക്ക് മുൻപ് കാഴ്ചബംഗ്ലാവുകളായി പ്രഖ്യാപിച്ചിരുന്നു.

ഈ കാരണങ്ങൾകൊു തന്നെ സർക്കസ്സുകളായി രജിസ്റ്റർചെയ്ത സംസ്ഥാനത്ത് വനംവകുപ്പിന് ഇവയെ ഏറ്റെടുക്കുവാൻ ഉതകുന്നതാണ് പുതിയ നിയമം. എന്നാൽ മഹാരാഷ്ട്രപോലുള്ള സംസ്ഥാനത്ത് ഇപ്പോൾതന്നെ കാഴ്ചബംഗ്ലാവുകളെപ്പറ്റി രൂക്ഷമായ രീതിയിൽ വിമർശനം ഉയർന്ന സാഹചര്യത്തിൽ അവ സംരക്ഷിക്കേ ഉദ്യോഗസ്ഥർക്കും മറ്റു വനം-വന്യജീവി വകുപ്പിൽപ്പെട്ട ഉദ്യോഗസ്ഥർക്കും നൽകിയ കൂട്ട സ്ഥലംമാറ്റ ഉത്തരവുകൾ പ്രതിഷേധത്തിനിടയാക്കിയതിനെക്കുറിച്ച് 15.07.2011 പ്രമുഖ പത്രങ്ങൾ നൽകിയ വാർത്ത പറയുന്നത് വൻ രീതിയിൽ വന്യജീവി നാശം നടക്കുന്ന സമയത്ത് 39 ഐ എഫ് എസ് ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയെന്നാണ്. അതിൽ 12 ചീഫ് കൺസർവേറ്റർമാരെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർമാരാക്കിയ ഇവരിൽ പലർക്കും കാഴ്ചബംഗ്ലാവുകളുടെ ചുമതലയുമുായിരുന്നു.

കാഴ്ചബംഗ്ലാവുകളിൽ നടക്കുന്ന ക്രൂരതകൾ ഇന്ത്യയിൽ മാത്രമല്ല ലോകത്ത് മുഴുവൻ പരന്ന് കിടക്കുന്ന ഒരു വസ്തുതയാണ്. ഈയടുത്ത നാൾ അമേരിക്കയിലെ ഒഹോയോക്കടുത്ത സാനെസ് വില്ലക്ക് സമീപം 73 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന മസ്കിംഗം കൗി ആനിമൽ ഫാമിൽ നിന്നും ആകർഷകവും വന്യവുമായ 50 മൃഗങ്ങൾ പുറത്തുചാടി അക്രമം അഴിച്ചുവിട്ടപ്പോൾ അവയെ വെടിവെച്ചുകൊല്ലുവാൻ ഒഹോയോ പോലീസ് മേധാവി ഉത്തരവിട്ടത് വൻവിവാദമായി. ഇതിൽ മൂന്ന് പുള്ളിപ്പുലികളെ രക്ഷപ്പെടുത്തി കൂട്ടിലാക്കിയെങ്കിലും 18 ബംഗാൾ കടുവകളെ കൊന്ന സംഭവത്തിൽ ഇന്ത്യൻ വന്യജീവിസ്നേഹികൾ വ്യാപകമായ പ്രതിഷേധമുയർത്തിയിട്ടു്. മാത്രവുമല്ല അപൂർവ്വ വന്യജീവികളെ വളർത്തുന്ന സ്വകാര്യ കാഴ്ചബംഗ്ലാവുകളെ നിയന്ത്രിക്കുവാൻ നടപടി വേണമെന്ന ആവശ്യം ശക്തമായിട്ടു്. അമേരിക്കയിൽ ഈ നിയമങ്ങൾ കർക്കശമല്ല. അതിനിടെ നൂറുവർഷം പൂർത്തീകരിച്ച തൃശ്ശൂർ കാഴ്ചബംഗ്ലാവിലെ മൃഗങ്ങളുടെ പുതിയ വാസസ്ഥലമായ 336 ഏക്കർ സുവോളജിക്കൽ കോംപ്ലക്സ് തയ്യാറായി വരുന്നു. ഒരു ബട്ടർഫ്ളൈ പാർക്കടക്കം പട്ടിക്കാട് വനമേഖലയിലെ റിസർവ്വ് ഏരിയയിലെ കാഴ്ചബംഗ്ലാവ് കേന്ദ്ര സൂ അതോറിറ്റി അനുശാസിക്കുന്ന എല്ലാ വിധ സൗകര്യങ്ങളും അടങ്ങുന്ന വൻ സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ഒരു പദ്ധതി ആയിരിക്കും. രാജ്യത്തെ എല്ലാ കാഴ്ചബംഗ്ലാവുകളും ഈ തരത്തിലായിരിക്കണമെന്നാണ് സൂ അതോറിറ്റി ലക്ഷ്യം.

# ശ്രീധരീയം



സുകുമാർ കൂർക്കഞ്ചേരി



ഉയർന്ന കർത്തവ്യബോധത്തിന്റെ ഭാഷ അച്ചടക്കമാണെന്ന് എവിടെയോ വായിച്ചതോർക്കുന്നു. കമാന്ററുടെ കല്പന അനുസരിക്കുന്ന പട്ടാളക്കാരൻ ചെറുതാവുകയല്ല ഉയർന്ന ശക്തിസ്രോതസ്സിൽ ഒരു കണികയായി മാറുകയാണ്. മേലധികാരിയുടെ ആജ്ഞ അനുസരിക്കുന്നതിലൂടെ അയാൾ സ്വയം അധികാരത്തിലേറുകയാണ് എന്നർത്ഥം. അനുസരിക്കുന്നവനാണ് അനുസരിപ്പിക്കാൻ കഴിയുന്നതെന്ന കാര്യവും നമുക്കിവിടെ ഓർക്കാം.

സാധാരണഗതിയിൽ മനുഷ്യായുസ്സ് 75 വയസ്സാണെന്ന് കരുതിപ്പോരുന്നത്. 76-ാമത്തെ വയസ്സിലും ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിക്കാൻ കഴിയുന്നില്ലെങ്കിലോ? ആഗ്രഹമുണ്ടെങ്കിലും രാഷ്ട്രം ഒരിക്കലും വിശ്രമിക്കാൻ വിടാത്ത ഒരാളെപ്പറ്റിയാണ് പറഞ്ഞുവരുന്നത്. കർത്തവ്യബോധത്തിന്റെ ഭാഷ പ്രവൃത്തിയും അച്ചടക്കവുമാണെന്നു തെളിയിച്ച പാലക്കാട് ജില്ലയിലെ പട്ടാമ്പിയ്ക്കടുത്ത കറുകപുത്തൂരിൽ ജനിച്ച ഏലാറ്റുവളപ്പിൽ ശ്രീധരനെ കുറിച്ച് കൊങ്കൺ റെയിൽവേയും ഡൽഹി മെട്രോ റെയിലും അത്ഭുതകരമായ വേഗത്തിൽ യാഥാർത്ഥ്യമാക്കിയത്. അദ്ദേഹമാണ്.

ദക്ഷിണ റെയിൽവേയിൽ അസിസ്റ്റന്റ് എഞ്ചിനീയറായിട്ടായിരുന്നു ഔദ്യോഗിക ജീവിതത്തിന്റെ തുടക്കം. 1963ൽ രാമേശ്വരത്തെ പാമ്പൻ പാലം കടലാക്രമണത്തിൽ തകർന്നപ്പോൾ അതു നേരെയാക്കാനുള്ള ചുമതല ശ്രീധരനാണ് ലഭിച്ചത്. പാലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആറു മാസത്തെ കാലാവധി റെയിൽവെ അനുവദിച്ചിരുന്നു. എന്നാൽ വെറും ഒന്നരമാസംകൊണ്ടു തന്നെ പാലം പണിപൂർത്തിയാക്കിയ ശ്രീധരൻ അന്നുതന്നെ അധികാരികളെ വിസ്മയപ്പെടുത്തി. 1970ൽ കൊൽക്കത്ത മെട്രോ റെയിൽ പദ്ധതിയുടെ നടത്തിപ്പു ചുമതലയും ശ്രീധരനുതന്നെ ലഭിച്ചു.

1990ൽ വിരമിച്ചെങ്കിലും ഏറെ ശ്രദ്ധിക്കപ്പെട്ട കൊങ്കൺ റെയിൽപ്പാതയെന്ന ആശയം അന്നത്തെ റെയിൽ മന്ത്രി ജോർജ്ജ് ഫെർണ്ണാസ് മനസ്സിലിട്ടു താലോലിക്കുന്ന സമയമായിരുന്നു അത്. താമസം വിനാ ആ പദ്ധതിയുടെ നടത്തിപ്പും ശ്രീധരന്റെ ചുമലിൽ തന്നെ വന്നുവീണു.

പശ്ചിമമേഖലയിലൂടെ 93 തുരങ്കങ്ങൾ 150 ലേറെ പാലങ്ങൾ - ഇങ്ങനെ 760 കിലോമീറ്റർ റെയിൽപ്പാത നിശ്ചയിച്ച സമയത്തിനുള്ളിൽ യാഥാർത്ഥ്യമാക്കികാണിച്ചു. നിർമ്മിക്കുക, പ്രവർത്തിപ്പിക്കുക, കൈമാറുക (B.O.T)എന്ന വ്യവസ്ഥയിൽ ഇന്ത്യയിൽ പണിതീർത്ത ഒന്നാമത്തെ വൻകിട പദ്ധതി. ഉദ്ദേശിച്ചതിലും കുറഞ്ഞ ചിലവിലായിരുന്നു പണിതീർന്നത്. സമയവും പണവും ലാഭം. മുമ്പും പിന്നീടും കേട്ടുകേൾവിപോലുമില്ലാത്തവിധം ഒരു പൊതുമേഖലാ പദ്ധതിയുടെ കഥയാണീകേട്ടത്. നിർമ്മാണത്തിന്റെ ഏതോ ഘട്ടത്തിൽ സാമ്പത്തിക ഞെരുക്കം അനുഭവപ്പെട്ടപ്പോൾ പബ്ലിക് ബോണ്ടുകളിറക്കി ശ്രീധരൻ ആ പ്രതിസന്ധിയും തരണം ചെയ്തു.

2005ൽ ഡൽഹി മെട്രോ പദ്ധതിയുടെ കാര്യത്തിലും ശ്രീധരനുതന്നെ നറുക്കു വീണു. നിശ്ചിത സമയത്തുതന്നെ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി. രു വർഷത്തിനുള്ളിൽ ഡൽഹിയിലെ ഓരോ പൗരനും 'മെട്രോ'യുടെ ഗുണഭോക്താക്കളാവാൻ പോവുകയാണ്. ഇതുവഴി 'മെട്രോമാൻ' എന്ന വിശേഷണവും സ്വന്തം!

ഇനിയും പല വിദേശരാജ്യങ്ങളും കേരളം പോലുള്ള ഇന്ത്യൻ സംസ്ഥാനങ്ങളും ഡൽഹി മെട്രോ മാതൃക അനുകരിക്കാനും ശ്രീധരന്റെ സഹായം തേടാനുള്ള തിര

ക്കിൽ! പിന്നെയെങ്ങനെ 76–ാം വയസ്സിലും ഈ വന്ദ്യവയോധികനു വിശ്രമിക്കാൻ പറ്റും?

ബാംഗ്ലൂർ നഗരത്തിന്റെ കിഴക്കുപടിഞ്ഞാറും തെക്കുവടക്കുമായി 33 കിലോമീറ്റർ ദൂരത്തിൽ 2011ൽ പൂർത്തീകരിക്കാനിരിക്കുന്ന 6395 കോടിയുടെ പദ്ധതിയ്ക്കും ഡൽഹി മെട്രോറെയിൽ കോർപ്പറേഷന്റെ സഹായത്തോടെയാണ് പ്രോജക്ട് തയ്യാറാക്കിയത്. ഇതുപ്രകാരം ഓരോ ട്രെയിനിലും മൂന്നു കോച്ചുകൾ ഉാവും. സെൽഫ് ക്ലോസിങ്ങ് ഡോറുകളുള്ള എയർക്കീഷൻസ് സ്റ്റെയിലൻസ്സ് സ്റ്റീൽ ഷെല്ലുകളായിരിക്കും ഇവ. 25000 പേർക്ക് ഒരേ ദിശയിൽ സഞ്ചരിക്കാവുന്ന പബ്ലിക്ക് ട്രാൻസ്പോർട്ട് സിസ്റ്റത്തിന്റെയും പ്രധാന മാർഗ്ഗദർശി സാക്ഷാൽ ഈ ശ്രീധരൻ തന്നെ.

ഇന്ത്യയിലെ ചുവപ്പുനാടയും മറ്റു തടസ്സങ്ങളും അതിജീവിച്ച് ഡൽഹി മെട്രോ റെയിൽപ്പാത നിശ്ചിത സമയത്തിനുള്ളിൽ തീർത്തതിന് എത്രയോ അംഗീകാരങ്ങൾ ശ്രീധരനെ തേടി വന്നു! 180 കിലോമീറ്റർ വരുന്ന ഡൽഹി മെട്രോയുടെ ആദ്യഘട്ടത്തിന് 230 കോടി ഡോളറായിരുന്നു ചിലവ്. പദ്ധതി മാനേജ്മെന്റിൽ അന്താരാഷ്ട്ര നിലവാരം പുലർത്തിക്കൊാണ് നേരത്തെ പറഞ്ഞ നേട്ടങ്ങളെല്ലാം കൈവരിച്ചത്. അപ്പോൾ അദ്ദേഹത്തിന് 73 വയസ്സായിരുന്നു പ്രായം.

തലസ്ഥാന നഗരിയുടെ മുഖച്ഛായ മാറ്റിയ മെട്രോ റെയിൽവേയും അതിന്റെ മുഖ്യശിൽപ്പിയും രാജ്യത്തിന് മാതൃകയാണെന്ന് പ്രധാനമന്ത്രി മൻമോഹൻസിങ്ങ് അഭിപ്രായപ്പെടുകയുായി. 10 കൊല്ലം കൊ് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരുന്നതാണെങ്കിലും 7 കൊല്ലം 3 മാസം കൊാണ് അതിന്റെ മൂന്നാം ഘട്ടവും പൂർത്തിയാക്കിയത്. അതും നഗരവാസികൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകളുമുാക്കാതെയായിരുന്നു പ്രവർത്തനം. പദ്ധതിയുടെ ആസൂത്രണവും ഡിസൈനിങ്ങും തുടർപ്രവർത്തനങ്ങളുമെല്ലാം രാജ്യത്തിനകത്തെ വിദഗ്ദ്ധർ തന്നെയാണ് നിർവ്വഹിച്ചത്.

2010ൽ നടക്കുന്ന കോമൺ വെൽത്ത് ഗെയിംസിനുമുമ്പ് പണിതീർക്കാനുദ്ദേശിച്ച മെട്രോ ലൈൻ ഏതോ ഒരു ഘട്ടത്തിൽ ചുവപ്പുനാടയിൽ കുടുങ്ങിയപ്പോൾ ചെയർമാനെന്ന നിലയിൽ പ്രതിഷേധിക്കേിയും വരികയുായി. കോണാട്ട് പ്ലേസ് മുതൽ പാലം വിമാനത്താവളം വരെയുള്ള 20 കിലോമീറ്റർ ദൂരം 18 മിനിറ്റുകൊ് എത്താവുന്ന ചാണക്യപുരം വഴിയുള്ള അർഗ്രൗ് മെട്രോ ലൈനിന്റെ കാര്യത്തിലായിരുന്നു ഇത്.

2005ൽ ലോകത്ത് വാർത്ത സൃഷ്ടിച്ച 25 പേരിൽ ഒരാളായി തിരഞ്ഞെടുത്തത് ഈ. ശ്രീധരനെയിരുന്നു. അന്താരാഷ്ട്ര പ്രസാധകരായ മക്ഗ്രോഹില്ലിന്റെ എഞ്ചിനീയറിംങ്ങ് മാസികയായ എഞ്ചിനീയറിംങ്ങ് ന്യൂസ് റെക്കോഡ് ആണ് ഈ അംഗീകാരം നൽകിയത്. കേരളത്തിലെ ഇന്ത്യാവിഷൻ ചാനൽ 'പേഴ്സൺ ഓഫ് ദ ഇയർ' പുരസ്കാരത്തിനും (1 ലക്ഷം രൂപ) ഇദ്ദേഹത്തെതന്നെ തിരഞ്ഞെടുത്തു. പൊതുഗതാഗത മേഖലയിൽ രാജ്യത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ഇതെന്ന് എം.കെ. മുനീർ, എം.ടി. വാസുദേവൻനായർ എന്നിവരടങ്ങുന്ന പാനൽ അറിയിക്കുകയുായി.

അമേരിക്കൻ മാസികയായ ബിസിനസ്സ് വീക്ക് സ്വധീനശക്തിയുള്ള 50 ഇന്ത്യക്കാരുടെ പട്ടിക പുറത്തിറക്കുകയുായി. വ്യവസായ പ്രമുഖർക്കുപുറമെ രാഷ്ട്രീയക്കാരും സിനിമ–കായിക താരങ്ങളും പട്ടികയിൽ ഇടം പിടിച്ചപ്പോൾ ഡൽഹി മെട്രോ റെയിൽവേ തലവൻ ശ്രീധരനായിരുന്നു പട്ടികയിലെ ഏക മലയാളീ സാന്നിദ്ധ്യം. മികച്ച പൊതുസേവനത്തിനുള്ള 2007ലെ അവാർഡിനു പുറമേ ആർ. എൻ.എൻ. – ഐ.ബി.എൽ. ടിവിയുടെ 'ഇന്ത്യൻ ഓഫ് ദ ഇയർ' അവാർഡും ശ്രീധരനായിരുന്നു. കൂടാതെ ഫ്രെഞ്ചു സർക്കാരിന്റെ പരമോന്നത ബഹുമതിയും ലഭിച്ചു.

കൊച്ചിയിലെ യാത്രാ ദുരിതത്തിനും പരിഹാരമായേക്കാവുന്ന മെട്രോ റെയിൽവെ പദ്ധതി ഏതാ് ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന് ഒരിക്കൽ 'കേരള ശബ്ദം' വാരികയിൽ എഴുതിക്കു. പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്ന് സർക്കാർ പറയുന്നുങ്കിലും കേരളത്തിലെ സാഹചര്യങ്ങളിൽ ചുമതലയേൽക്കാൻ തയ്യാറല്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പദ്ധതിയുടെ കൺസൾട്ടന്റുമാരായ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ അറിയിച്ചതായും കേട്ടിരുന്നു. കൊച്ചി മെട്രോ റെയിൽ പ്രോജക്ട് പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ആലോചനയിൽ പോലുമില്ലാതിരുന്ന ചെന്നൈ മെട്രോ നിർമ്മാണ പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കാൻ പോകുന്നതായ വാർത്ത നമുക്കെല്ലാം ലജ്ജയോടെ ശ്രവിക്കാമെന്നും ലേഖകൻ അഭിപ്രായപ്പെട്ടുകൊിരുന്നു.


വികസനത്തിന്റെ കാര്യത്തിൽ ഇന്ത്യ 20 വർഷം പിറകിലാണെന്നും വികസിത രാജ്യമായി മാറാൻ ഇന്ത്യയ്ക്ക് ഇനിയും 10–15 വർഷമെങ്കിലും വേിവരുമെന്നും ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ദേശീയ സമ്മേളനത്തിൽ സെമിനാർ ഉദ്ഘാടനം ചെയ്തുകൊ് ഈ. ശ്രീധരൻ പ്രസ്താവിച്ചത് ഓർക്കുന്നു. ആഭ്യന്തര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുമ്പോൾ ഗതാഗതത്തിനോ ജലവൈദ്യുതി വിതരണ ശൃംഘലകൾക്കോ തടസ്സമില്ലാത്തവിധം പൂർത്തീകരിക്കണമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള ജനവിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പാക്കുന്നതാവണം വികസനത്തിന്റെ ആത്യന്തിക ലക്ഷ്യമെന്നും ശ്രീധരൻ കരുതുന്നു.

അവകാശത്തിന്റെ യഥാർത്ഥ ഉത്ഭവസ്ഥാനം കർത്തവ്യമാണെന്നും കർത്തവ്യങ്ങൾ നിറവേറ്റിയാൽ അവകാശങ്ങൾ തേടി ദൂരെപോകിവരില്ലെന്നും മഹാത്മാഗാന്ധി പറയുകയുായി. 'നാം ശരി ചെയ്താൽ ആരും അത് ഓർത്തിരിക്കില്ല; പക്ഷെ തെറ്റുചെയ്താൽ ആരും മറക്കുകയുമില്ല. എന്നൊരു പഴമൊഴിയും കേട്ടിരിക്കുന്നു. ശരി ചെയ്താൽ എന്നും ഓർമ്മിക്കപ്പെടും എന്ന് മേൽച്ചൊന്ന പഴമൊഴിയെ ഖണ്ഡിയ്ക്കുന്നതാണ് ഈ. ശ്രീധരന്റെ അപദാനങ്ങൾ. ഒരാൾ ചെയ്തുവെച്ച ശരികളെ ഓർക്കുക മാത്രമല്ല അതുവഴി ആർക്കെങ്കിലും ഗണ്യമായ ഗുണഫലമായിട്ടുങ്കിൽ ആ ശരികളുടെ കാര്യം സന്ദർഭോചിതമായി എടുത്തുപറയാനും ആളുകളുാവും.

മുമ്പൊരിക്കൽ പത്മശ്രീ ബഹുമതിയ്ക്ക് അർഹനായിട്ടുെങ്കിലും രാജ്യത്തെ രാമത്തെ വലിയ സിവിലിയൻ ബഹുമതിയായ പത്മവിഭൂഷണും ഇത്തവണ ശ്രീധരനെ തേടി വന്നു.

അനുഗൃഹീത ചിത്രകാരനായ പി.വി. കൃഷ്ണന്റെ കാർട്ടൂണിൽ കതുപോലെ പഠിച്ചതിനു പത്മശ്രീ (ഡോക്ടർ എം. ലീലാവതി) കളിച്ചതിനു പത്മവിഭൂഷൺ (സച്ചിൻ തെുൽക്കർ) എന്ന കൊടും പരിഹാസം ശ്രീ. ഈ. ശ്രീധരന്റെ കാര്യത്തിലെങ്കിലും തീർത്തും അപ്രസക്തം! അതായത് അർഹിച്ച പാത്രത്തിൽ തന്നെയായിരുന്നു ഭിക്ഷയെന്ന്!!

IhnX



{io[-c-\p®n

# പിൻമടക്കം

നഗരമേനിനക്കേകാൻ
ഇനിയെന്റെ കയ്യിലില്ല.
നിധിയൊന്നും നിസ്വനായ് ഞാൻ
മടങ്ങിയേയ്ക്കാം
പറയുവാനൊരു യാത്രാ-
മൊഴിയുമില്ലെന്റെ യുള്ളിൽ
പടിവാതിലതാദൂരെ
തുറന്നുകാൺമൂ
അറിയാത്തൊരിക്കൂട്ടിന്റെ
പുകമൂടി പരിസരം
കലുഷിത മാക്കിയവ-
നിവനല്ലല്ലോ
പുണ്യതീർത്ഥങ്ങളിലാകെ
നനഞ്ഞ തുള്ളിവീഴ്ത്തിയതു
നിങ്ങൾക്കെല്ലാം വിളമ്പിയ-
തിവനല്ലല്ലോ.
കാളകൂടം കയ്യിലേന്തി,
മുഖത്തുപുഞ്ചിരിയേന്തി
നാടുനീളെ നടന്നവ
നിവനല്ലല്ലോ
മോഹനവാഗ്ദാനങ്ങളാ-
ലഭിഷേകം നടത്തുവാൻ
റോഡു നീളെ നടന്നവനിവനല്ലല്ലോ.
അറിയുകയില്ലേ യിവ നിവിടുത്തെയന്തേവാസി
ഇനിനിങ്ങൾക്കോർമ്മയാകും ദരിദ്രവാസി.



രോഗികളുടെ തറവാട് (പേജ് 9 തുടർച്ച)

അല്ല....അല്ല.....കുറേ ചെറുപ്പക്കാരികൾ അകത്തു നിന്നും സംസാരിക്കുന്ന ഒച്ച ഞാൻ കേട്ടല്ലോ പെട്ടെന്ന് ഞാൻ പറഞ്ഞു

എന്നാൽ എല്ലാറ്റിനും അസുഖം വരും നോക്കിക്കോ. പണിയൊന്നുമെടുക്കാതെ തിന്നുകൊഴുക്കുകയല്ലേ

ആംബുലൻസ് വീും പല പ്രാവശ്യം ആ വീട്ടിൽ വന്നുവെന്നു ഭാര്യ ചില ദിവസങ്ങളിൽ എന്നെ അറിയിച്ചുകൊിരുന്നു ഇപ്പോൾ എനിക്ക് ആ വീടിനെ കുറിച്ച് ഒന്നും കേൾക്കാനുള്ള കൗതുകമേ ഇല്ലാതായി. കമ്പനിയിൽ ഉൽപാദനം നിർത്തുന്നതു സംബന്ധിച്ച സംസാരം പടർന്നുപിടിച്ച സമയമായിരുന്നു അത്. പിരിച്ചു വിടുന്നവരിൽ ഞാനുമുാകുമെന്ന് ഏതാ് ഉറപ്പായിരുന്നു. എനിക്ക് വേി സംസാരിക്കാൻ ആരുമില്ലായിരുന്നു. അതുകൊ് ഞാൻ പുറത്താകുമെന്ന് ഉറപ്പാണ്. ജോലി ഇല്ലാതായാൽ എന്തു ചെയ്യും? എങ്ങോട്ടു പോകും? ഒരു മാർഗവും കത്തൊനാവാതെ ഞാൻ വിഷമിച്ചുകൊിരുന്നു.


ഒരു നാൾ കാലത്തു എഴുന്നേറ്റപ്പോൾ ഭാര്യയെ മുറിക്കകത്തോ വീടിനു ചുറ്റുവട്ടത്തോ കില്ല. പതുക്കെ വിളിച്ചു നോക്കിയിട്ടും മറുപടിയോന്നും കേട്ടതുമില്ല. എങ്ങോട്ടുപോയെന്നറിയാതെ ഞാൻ ഉത്കഠപ്പെട്ടു ആരോടും അന്വേഷിക്കാനും മാർഗമില്ലായിരുന്നു.

നേരം പുലർന്നുവരുന്നതേ ഉായിരുന്നുള്ളൂ.

ഞാൻ ഉമ്മറത്തേക്ക് വന്നു പുറത്തേക്കുനോക്കി. അപ്പോൾ അങ്ങിനെ ചെയ്യാനാണ് എനിക്ക് തോന്നിയത്. രോഗികൾ നിറഞ്ഞ വീട്ടിലേക്ക് എന്റെ കണ്ണുകൾ നീു അപ്പോൾ അവിശ്വസനീയമായ ഒരു കാര്യം അവരുടെ മുറ്റത്തു ഞാൻ കു എന്റെ ഭാര്യ വീടിന്റെ മുറ്റത്തു കുനിഞ്ഞു നിന്നുകൊ് വളരെ ശുഷ്കാന്തിയൊടെ അവിടം വൃത്തിയാക്കിക്കൊിരിക്കുകയാണ്. അവളുടെ ശരീരമാസകലം ഇളകുന്നതും എനിക്കുകാണാമായിരുന്നു.

കഥ

# അക്ഷരായനം



എം.എസ്.കുമാർ



പി.യു.ടി–പുട്ട്!!
സി.യു.ടി–കട്ട്, ഛെ! മ്ലേച്ഛൻ! സി.യു.ടി–സുട്ട് എന്നു പറഞ്ഞൂടെ! ഇതാണീവെള്ളക്കാരന്റെ കുഴപ്പം! പറയണതൊന്ന് പ്രവൃത്തി വേറൊന്ന്. എഴുതണതും പറയുന്നതും വേറെ വേറെ!

ശ്രീരാമകൃഷ്ണൻ മുൻഷി ഇടയ്ക്കിടെ പറയും. ചെറുപ്പം മുതൽ മനസ്സിലൂന്നിയ വികാരമാണത്. അക്ഷരോച്ചാരക ഭാഷ എത്രയോ മനോഹരം! എന്നിട്ടും വ്യവസ്ഥയില്ലാത്ത ഇംഗ്ലീഷിൽ ഭ്രമിച്ച് മനുഷ്യർ പഠനവും അദ്ധ്യയനവും നടത്തുന്നു.

ഉള്ള അഭിപ്രായം എല്ലാവരോടും തുറന്ന് പറഞ്ഞ് ശ്രീരാമകൃഷ്ണ മുൻഷി വിദ്യാർത്ഥികളെ മലയാളവും,ഇംഗ്ലീഷും,ശാസ്ത്രവും പഠിപ്പിച്ചു. മുൻഷി അദ്ധ്യാപനത്തിൽ അല്പം മാമൂൽ പിടിത്തക്കാരനാണെന്നദ്ദേഹം തന്നെ സമ്മതിക്കും. മലയാളവും സംസ്കൃതവും ഐച്ഛികഭാഷകളായതിനാൽ അവ പഠിപ്പിക്കുന്നതിലദ്ദേഹം ഊന്നൽ കൊടുത്തു സഹപ്രവർത്തകരെ കുട്ടികളും രക്ഷിതാക്കളും മാഷ് എന്നും സാറെന്നും വിളിക്കുമ്പോൾ അദ്ദേഹം തിരുത്തും. നമ്മുടെ ദേശീയപദം മുൻഷി എന്നാണ്. എന്നെ വിളിക്കുന്നതങ്ങനെ മതി.

ശ്രീരാമകൃഷ്ണൻ മാസ്റ്ററുടെ അച്ഛൻ നാരായണനെഴുത്തച്ഛനും മുത്തച്ഛൻ വേലപ്പൻ എഴുത്തച്ഛനും മാഷെന്നവിളി ഇഷ്ടപ്പെട്ടില്ല. നാരായണമുൻഷി, വേലപ്പമുൻഷി, എഴുത്തച്ഛൻ മാഷ് എന്നുപറയുന്നതിനേക്കാൾ വിളിക്കാർക്ക് മുൻഷി തന്നെയായിരുന്നു എളുപ്പം.

കുടിപ്പള്ളിക്കൂടത്തിൽ കുട്ടികളെ എഴുത്തിനിരുത്തി പഠിപ്പിച്ചിരുന്ന കുടുംബപാരമ്പര്യം. അദ്ധ്യാപകനായില്ലെങ്കിലും മറ്റുജോലിയിലേർപ്പെട്ടാലും വേലപ്പനെഴുത്തച്ഛന്റെ മക്കൾ മുൻഷിമാരായി അറിയപ്പെട്ടു. വീട്ടുപേര് മുൻഷിത്തൊടിയിൽ എന്നായി.

മുൻഷിത്തൊടിക്കാരുടെ കുടിപ്പള്ളിക്കൂടം എൽ.പി.സ്ക്കൂളും, ഹൈസ്ക്കൂളുമായി ഉയരുമ്പോഴും മുൻഷി പദത്തിനോ പദവിക്കൊ മാറ്റമുായില്ല.

വേലപ്പനെഴുത്തച്ഛൻ മണലിലെഴുതിയാണ് അക്ഷരം പഠിപ്പിച്ചിരുന്നത്. മകനും പേരമകനും ആ പരമ്പരയിൽപ്പെടുന്നു. ശ്രീരാമകൃഷ്ണൻ മുതിർന്നപ്പോഴേയ്ക്കും മുൻഷി വേലപ്പനെഴുത്തച്ഛൻ കാലയവനികയിൽ മറയുകയും നിലത്തെഴുത്തു സമ്പ്രദായം നിലയ്ക്കുകയും ചെയ്തു. ശ്രീരാമകൃഷ്ണ മുൻഷി ആ പാരമ്പര്യത്തിനിലിന്നും അഭിമാനം കൊള്ളുന്നു. വിദ്യാരംഭം തൊട്ട് പതിനഞ്ച് ദിവസം അദ്ദേഹം മണലിലെഴുത്ത് കുഞ്ഞുങ്ങളെ പരിശീലിപ്പിച്ചു.

ചാണകം മെഴുകിയ നിലത്ത് വട്ടത്തിൽ മണലിട്ട് ചമ്രം പടിഞ്ഞിരുന്ന് വലതുകൈയിന്റെ ചൂവിരലും നടുവിരലും കൂടി പിടിച്ചദ്ദേഹം എഴുതിച്ചു.

ഹരി, ശ്രീ, ഗണപതയെനമഃ
അവിശു മസ്തു ശ്രീ ഗുരുഭ്യോനമഃ

പിന്നെ ചൊല്ലിക്കും.
കൂജന്തം രാമ രാമേദി, മധുരം മധുരാക്ഷരം. ആരുഹ്യ കമിതാശാഖാം വന്ദേമാൽമീകി കോകിലം.

വിരൽനൊന്ത് സിരകളിലൂടെ മസ്തിഷ്കത്തിലെത്തുന്ന അക്ഷരബോധം ആജീവനാന്തനം അങ്ങിനെ നിലകൊള്ളുമെന്ന് മുൻഷി കുടുംബത്തിന്റെ തത്ത്വോപദേശമാ

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ






**അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022**

**സി.എം. സുന്ദരൻ - 9388412430**



ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്,
അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്

സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956



# അനഘ കിണർ വർക്സ്

മാത്തറ, കോഴിക്കോട്. (ഖാദി രജിസ്ട്രേഷൻ)
ഫോൺ : പ്രസന്ന കുമാർ - 9895059457
വിജിത്ത് - 8129358510, 9349626616

---

**കിണർ, വാട്ടർടാങ്ക്, സെപ്റ്റി ടേങ്ക്, റെഡിമെയ്ഡ്മതിൽ, സ്ലാബുകൾ, etc...**
Branch : പാലക്കാട് കൊല്ലംങ്കോട്, **H.O.** പന്തീരങ്കാവ്, പി.ഒ. മാത്തറ
NB: വലിപ്പം കൂടിയ കിണറുകളും നിർമ്മിച്ചുകൊടുക്കുന്നു.

# HI - TECH WATER FILTERING

**Pantheerankave, Kozhikode, Mob: 9847608834, 8943897508, 9746319173**



**മഞ്ഞക്കളർ വെള്ളത്തിനോട് വിട**

**മിതമായ ചിലവിൽ ഗ്യാരിയോടുകൂടി കലങ്ങിയവെള്ളം ഫിൽട്ടർ ചെയ്തുകൊടുക്കുന്നു.**

JOHN LAZAR. M
Mg. Partner

AUTHORISED SERVICE
Caring for Customers

# MARUTI VEHICLES CENTRE

Pottammal, P.O. Kuthiravattom
Calicut - 673 016
Phone : 2741532, Mobile : 9447275499, 9847764634



ണ്. അടുത്തകാലത്ത് മൂന്നാം ക്ലാസ്സിലെ ഒരു കുട്ടി പരീക്ഷയ്ക്കു വന്ന ഒരുചോദ്യത്തിന്റെ ഉത്തരം ഇങ്ങിനെ എഴുതി. ചേരരാജാക്കൻമാരിൽ പ്രമുഖൻ? വേലപ്പൻ എഴുത്തച്ഛൻ.

ഒരു ഫലിതം പോലെ തോന്നാമെങ്കിലും ശ്രീരാമകൃഷ്ണൻ മുൻഷിയ്ക്കഭിമാനമാണുായത്. ആ കുട്ടിയ്ക്കങ്ങനെ തോന്നിയെങ്കിലെന്താണ് തെറ്റ്!.

മുൻഷി ശ്രീരാമകൃഷ്ണൻ ആദ്യമായും അവസാനമായും അദ്ധ്യാപകനായി. അക്ഷരോച്ഛാരക ഭാഷ അക്ഷരസ്ഫുടതയില്ലാതെ പഠിക്കരുത്. പഠിപ്പിയ്ക്കരുത്. മേശപ്പുറത്ത് തെവുടിപ്പിച്ചെടിയുടെ കോൽതോലു കളഞ്ഞാക്കിയ വടി നീ ജുബ്ബയുടെ പോക്കറ്റിൽ പൊടിഡപ്പി. ക്ലാസിൽ നിന്നും മാസ്റ്റർ ഓരോന്നുള്ളു പൊടിവലിക്കും. ഒരു വലികഴിഞ്ഞാൽ ഒരു കുട്ടിയ്ക്ക് ഒരടി ഉറപ്പാണ്. ശ്ലോകമാണ് തെറ്റിച്ചൊല്ലുന്നതെങ്കിൽ ചെവിപിടിച്ച് വലിച്ചിട്ട് മുന്നോട്ടും പിന്നോട്ടും തിരുമ്മി വലിച്ചു വലിച്ചുവിട്ട്' കൈമുഷ്ടികൊ് മയ്ക്ക് ടും എന്ന് ഫുൾസ്റ്റോപ്പിടും.

വടിമുൻഷി, മുൻഷിമാഷ് എന്നിങ്ങനെ വിളിപ്പേരുങ്കെിലും ശ്രീരാമകൃഷ്ണൻ മുൻഷിയെ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഇഷ്ടമായിരുന്നു. ശിഷ്യരെ മക്കളേ എന്നുവിളിച്ചു. സഹപ്രവർത്തകരെ സഹോദരാ എന്നുവിളിച്ചു. പ്രധാനാദ്ധ്യാപകനെ തിരുമേനി എന്നും.

ശ്രീരാമകൃഷ്ണൻ യുവാവായപ്പോൾ നാരായണൻ മാസ്റ്റർക്ക് ആലോചനവന്നു. ഒരു വിവാഹം കഴിപ്പിക്കുക. ഒരദ്ധ്യാപികയോ അങ്ങിനെയാകാൻ യോഗ്യതയുള്ള ഒരു പെൺകുട്ടിയേയോ ആലോചിക്കുക.

അച്ഛൻ മകനെ വിളിച്ചു. ശ്രീക്കുട്ടാനമുക്കൊരു കുടുംബമൊക്കവേ. ഒന്നാലോചിച്ചാലോ.

ആവാം!. നിസ്സംഗതയോടെ ശ്രീരാമകൃഷ്ണന്റെ മറുപടി.

നമ്മടെ ഒരകന്ന ചാർച്ചയില് വീട്ടിക്കാട്ട് പുത്തൻ പുരേല് ഒരമ്മായിടെ കുട്ടി ബി.എഡ്ഡിന്നു പഠിയ്ക്കണ്. ഒരു മിസ്ട്രസ്സുതന്നെ ആയിക്കോട്ടേല്ലേ?

വേണന്നില്ല്യ-ശ്രീരാമകൃഷ്ണന്റെ മറുപടി

അതെന്താടോ അതല്ലേ സുരക്ഷിതം മുൻഷിവളപ്പ്ല് അല്ലെങ്കിൽ പി.എസ്.സി എഴുതി ഏതെങ്കിലും ഒരു സ്ഥാപനത്തില് നമ്മുടെ പാരമ്പര്യത്തിനും സ്വജനമര്യാദയ്ക്കും അങ്ങനെയല്ലേ നല്ലത്?

നല്ല ഭാഷ സംസാരിക്കാനറിയണം. എഴുതാനും വായിക്കാനുമറിഞ്ഞാൽ മതി. കേട്ടവർ ചിരിച്ചു. ഒന്റൊരു കാഴ്ചപ്പാട് നാരായണ മുൻഷി അഭിപ്രായപ്പെട്ടു. ഇന്റർവ്യൂകൾ നടന്നു. നേരിൽ സംസാരിച്ച ശേഷം ശ്രീരാമകൃഷ്ണൻ അഭിപ്രായപ്പെട്ടു.

വ്യുൽപത്തി പോര. സംസാരം അനുനാസികമാണ്.

വേലപ്പൻ എഴുത്തച്ഛൻ സ്വാഗതമെന്നോണം പറഞ്ഞു. ഓൻ വ്യുൽപത്തിയും അക്ഷര സ്ഫുടതയും നോക്കി നോക്കി മണ്ണാന്റെ മൂരി പോലെ പ്രായമാകും. സഹാദ്ധ്യാപികയും ഭാഷാസ്നേഹിയുമായ വിലാസിനി ടീച്ചർ ഓരോ പെണ്ണുകാണലിനു ശേഷവും മുൻഷിയോടു ചോദിക്കും.

എന്തായി?

എനിയ്ക്കങ്ങു ബോധ്യമായില്ല സഹോദരി. സംസാരം ഉഴപ്പാണ്.

ഈ മാഷടെ ഒരു കാര്യം-! ആ പഴയ വിദ്യാർത്ഥിനി പറഞ്ഞു.

വിലാസിനി കൺകോണു കൊുനോക്കി തല വെട്ടിച്ചു. ശ്രീരാമകൃഷ്ണൻ നിസ്സംഗത കാത്തു സൂക്ഷിച്ചു.

കാലം കാത്തുനിന്നില്ല.

വിദ്യാലയത്തിൽ കുട്ടികൾ വരികയും പോവുകയും ചെയ്തു. ശ്രീരാമകൃഷ്ണൻ പ്രധാന അദ്ധ്യാപകനായി. നാൽപതു കഴിഞ്ഞിട്ടും അവിവാഹിതയായി കഴിയുന്ന വിലാസിനി ടീച്ചർക്ക് ഫസ്റ്റ് അസിസ്റ്റന്റ് എന്ന നിലയിൽ ശ്രീരാമകൃഷ്ണൻ മാസ്റ്റർക്ക് പലപ്പോഴും അവരെ വിളിക്കേി വന്നു.

ഒരൊഴിവു സമയം വിലാസിനി ടീച്ചർ മുൻഷിക്കടുത്തു നിന്നു. എന്തോ ആലോചിച്ചു കൊിരുന്ന ശ്രീരാമകൃഷ്ണൻ മുൻഷി അവരെ കില്ല.

മാഷ് അവർ വിളിച്ചു.

എന്തേ കുട്ടീ അദ്ദേഹം ചോദിച്ചു. വിലാസിനി ഒന്നു കുണുങ്ങി. മുൻഷി അവരെ ഒന്നു നോക്കി.

മുൻഷി സാർ ഇനി ആരെയാണു കാത്തുനിൽക്കണത്? ഞാൻ എത്രയായി പ്രതീക്ഷിക്കുന്നു ഇനിയും മനസ്സിലായില്ല്യാന്നുവെച്ചാൽ-

അവർ തലതാഴ്ത്തി. ശബ്ദം ഇടറി.ഞാൻ കാത്തു നിൽക്കണോ ഇനിയും-

ശ്രീരാമകൃഷ്ണൻ മാസ്റ്റർ ഒരു നിമിഷം വല്ലാതായി.ഒന്നു രു ക്ലാസ്സുകളിൽ അവൾ തന്റെ വിദ്യാർത്ഥിനിയായിരുന്നു. പിന്നെ സഹാദ്ധ്യാപികയായി. അതിലപ്പുറം അവൾ പ്രതീക്ഷിച്ചിരുന്നിരിക്കാം. അദ്ദേഹം മുൻഷിയായി. വേ - ഈ അമ്പതാം വയസ്സിൽ ഒരു ബാന്ധവം വേവിലാസിനീ. നിനക്കിനിയും വൈകീട്ടില്ല.

വിലാസിനി ടീച്ചറിൽ നിന്നുയർന്ന നിശ്വാസം മുൻഷിയെ എഴുന്നേൽപ്പിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഉം? നീ-നീയെന്തേ കരയുന്നൂ.

അദ്ദേഹം അവരുടെ താടിപിടിച്ചുയർത്തി. നീ വിഷാദപ്പെടല്ലേ കുട്ടീ. നിനക്കെന്റെ മനസ്സിൽ ഒരു സ്ഥാനമു്. അതെന്റെ ഭാര്യയായിട്ടല്ല. എന്റെ വിദ്യാർത്ഥിയായി, അക്ഷരമാലയായി, ഞാൻ സ്നേഹിക്കുന്ന എന്റെ ഭാഷയായി

വാതിലുകളടയ്ക്കാൻ നടന്നിരുന്ന പ്യൂൺ അവരെ കു. ആരോ എത്തിനോക്കി. ഉം ഊം... ചിലർ മൂളി.

വൃദ്ധനായ നാരായണ മുൻഷിയോടാരോ പറഞ്ഞു.

ഉവ്വോ? ഏയ് അങ്ങനെ ഉാവില്ല. അഥവാ ഉങ്കെിലതു നീട്ട. വയസ്സൊന്നും നോക്ക.

ഒരു ദിവസം കേട്ടവാർത്ത ജനത്തെ നടുക്കി. മുൻഷി ശ്രീരാമകൃഷ്ണൻ പ്രഭാതസവാരിക്കിടെ തലകറങ്ങി വീണു. മുൻഷി ഭവനത്തിൽ ആളുകൾ തിങ്ങിക്കൂടി. ഗ്രാമത്തെ അക്ഷരലോകത്തേയ്ക്കുയർത്തിയ മഹാശയൻ.

മുൻഷിയുടെ ശിരസ്സിനടുത്ത് പഴയവരും പുതിയവരുമായി ശിഷ്യർ നിരന്നു. അവരുടെയെല്ലാം കൈകളിൽ നിവർത്തിയ ഗ്രന്ഥങ്ങൾ.

ചില ശബ്ദങ്ങളുയർന്നു. കൂജന്തം രാമരാമേതി മധുരം മധുരാക്ഷരം! ഈ വന്ന മോഹമകലെപ്പോവതിന്നു പുന-രീവണ്ണമുള്ളൊരുപദേശങ്ങളില്ലലകിൽ! നാരായണ നമസ്കൃത്യാ, നരം ചൈവനരോത്തമം...!! യഥാക്രമം അദ്ധ്യാത്മരാമായണവും ഹരിനാമ കീർത്തനവും മഹാഭാരതശ്ലോകങ്ങളും അക്ഷരങ്ങളായി, അക്ഷരമാലകളായി,ശബ്ദങ്ങളായി, ഈണങ്ങളായി ഉയർന്നു. പുസ്തകത്താളുകളിൽ നിന്നവയെഴുന്നേറ്റു. കുഞ്ഞുങ്ങളായി രൂപം കൊു. അവർ ആദ്യം കൂട്ടമായി പിന്നെ വരിവരിയായി നടന്നു.

കൂടിനിന്ന പരശ്ശതം മനുഷ്യരുടെ നഗ്നനേത്രങ്ങളിൽ അപ്രത്യക്ഷമായി! .

Rafeek.M

SINAN MATERIAL

Mankave, Calicut - 673007
Mob: 9847203436
9349931713
9961203496




കല്ല്, പൂഴി, മെറ്റൽ, ബോളർ, മണ്ണ്,
വീട് പണിക്കാവശ്യമായ എല്ലാമെറ്റീരിയലുകളും
സൈറ്റിൽ അടിച്ച് കൊടുക്കുന്നു

Car A/c Repairing

Ac Survising and Gas Filling




Automotive
Tubular Batteries

Jeeva
Electricals

Y.M.C.A., Cross Road, Calicut - 1

Mob: 9747844474, 0495 - 2768441



ആശിർവാദ്

ബാങ്കേർസ്

24/1773/B-9, 1st floor
P.V.S. Shopping Complex
Bye - pass Juuction
Mankave, Calicut - 673007
Tel : 2330885

സ്വർണ്ണപം പണയം

S.B. DRUGS

INDIAN DRUG MERCHANTS

17/500 Q, Ruby Building
Rajaji Road, Calicut - 673 004
PH : 0495 - 2727304

*SUPPLIERS OF AYURVEDIC*
*RAW DRUGS & HERBS*

ഇഅഘകഇഡ൦ ആഅഞ്ഞആഴഘഘ ഇഘ



*Easted 1972*

*Kuthiravattam*

Mob : 9847010735

*Affiliated. District Power Lifting,*
*Weight Lifting,*
*Body Building Association*


GEETHA MOTOR



uthiyapalam, Kozhikode
hone : 9605603529



# പാർശ്വ ഫലങ്ങൾ



മനോജ്

വാസ്തവികതയുടേയും അനുമാനത്തിന്റേയും ഇടയ്ക്ക് എവിടെയോ ആണ് ജീവിതം. പാഠ്യനിർബന്ധങ്ങളില്ലാതെയും മുൻധാരണകളില്ലാതെയും ജീവിതത്തെ സമീപിക്കുമ്പോൾ അറിവിന്റെ തികവുകൾ എപ്പോഴും അപൂർണ്ണമാകുകയാണ്. ദൈവീക സാന്നിദ്ധ്യങ്ങൾ വിഹ്വലതകളും മരീചികകളുമായി തുടരുന്നു. ആദിമ ഭീതിയുടെ അധീശത്വദൈവങ്ങൾ പുത്തൻ രൂപഭാവങ്ങളോടെ യുഗ പകർച്ചയിലേക്ക് വംശാവലിയായി നീളുന്നു. തട്ടകദൈവത്തിനും വിശ്വാധീശനം സംരക്ഷകന്റേയും കാരുണ്യഭാവന്റെയും വിതാനങ്ങളില്ല. ഭീതിയുടെ അകാലമരണത്തിൽ നിന്നാണ് ദൈവസംജ്ഞകളുടെ ഉയർച്ച. വാഗ്വാർത്ഥങ്ങൾ പുത്തൻ ഒരുക്കപ്പാടുകൾ നടത്തുമ്പോഴും സാമാന്യജനങ്ങളുടെ മുന്നിൽ ദൈവം ഭൗതികയാഥാർത്ഥ്യമാണ്. പോരായ്മകളുടെ നിറവേറലുകൾക്കുവേിയാണ് വിശ്വാസി ക്ഷേത്ര പരിസരത്തിൽ എത്തുന്നത്.

മതബോധനങ്ങൾ ദൈവത്തിന്റെ കാരുണ്യതലത്തേയും വിശുദ്ധിയേയും ഇല്ലാതാക്കുകയാണ്. വിധിനിശ്ചയങ്ങളേയും ജന്മാന്തരം സഞ്ചിത കർമ്മങ്ങളേയും ആയകാലമാക്കി തീർക്കുന്ന ഹൈന്ദവദൈവം കാരുണ്യാംശമില്ലാത്ത ദയാരഹിതനാണ് ദൈവത്തിന്റെ സൃഷ്ടികളാണല്ലോ? സർവ്വതിര്യക്കുകളും മനുഷ്യരും മൃഗീയ വാസനക്കുള്ളിൽ പോലും മാതൃത്വത്തിന്റെ കനിവും പിതൃത്വത്തിന്റെ രക്ഷകബോധവുമു്. കൊടിയ വഞ്ചകനായ മക്കളോടുപോലും ആരും ദയാരഹിതമായിപെരുമാറുന്നില്ല. അവന്റെ വരും ജന്മത്തിലേയ്ക്ക് ആരും പാപക്കെട്ടുകളെ ഇറക്കിവെയ്ക്കുന്നില്ല.

മനുഷ്യന്റെ നിഗമനങ്ങളാണ് ദൈവസങ്കൽപ്പത്തിന് ആധാരം. ദൈവം ഒരിക്കലും അവകാശവാദങ്ങൾ ഉന്നയിച്ച് എവിടേയും പ്രവേശിക്കുന്നില്ല. കറിവിന്റെ സൂക്ഷ്മതകൾ തിബന്ധിച്ച മനുഷ്യന്റേതായ ദിവ്യസങ്കൽപ്പങ്ങളാണ് ദൈവരൂപങ്ങൾക്ക് ആശ്രയം. രോഗങ്ങളും വൈധവ്യവും അംഗഭംഗങ്ങളും അകാല മരണവും വരുത്തിതീർക്കാൻ തുക ക്രൂരനോ നിർദ്ദയനോ അല്ല ദൈവം. അറിവിന്റെ പരിമിതികൾ വെളിച്ചപൊട്ടുകളെ വ്യാഖ്യാനിക്കുമ്പോൾ പലപ്പോഴും അബദ്ധ ധാരണകളിലാണ് ചെന്നെത്തുക. സത്യബോധനത്തിന്റെ യാഥാർത്ഥ്യത്തെ ജന്മം മുഴുക്കെ തിരയുന്ന പരിത്യാഗിക്കും ഒരു പക്ഷേ കത്തൊനായില്ലെന്നുവരാം. ദൈവം മനുഷ്യഭാവനയിൽ ഒതുങ്ങാത്തതും പ്രമാണങ്ങൾക്കു കീഴടങ്ങാത്തതുമായ ദൈവീക സങ്കൽപ്പമാണ്. കിരാതന്റെ നിർണ്ണയ ശക്തിയെ ഉപേക്ഷിക്കുമ്പോഴെ സത്യാംശികളെ ദർശിക്കാൻ കഴിയൂ.

ഭീതിസാക്ഷ്യങ്ങളിൽ നിന്ന് ഉയിർകൊദൈവം യുഗപകർച്ചയിലൂടെ ഒഴുകി ഇന്നത്തെ ക്രമപ്പെടുത്തിയ രൂപ പ്രകൃതങ്ങളെ തേടുന്നു. അവരോധനത്തിന്റെ ഉയർച്ചയും വിശാലതയും കാരുണ്യവും ക്രൗര്യവും എല്ലാം മനുഷ്യഭാവനകളുടെ അടിച്ചേൽപ്പിക്കലുകളാണ്. സ്വന്തം രൂപസാദൃശ്യത്തിനപ്പുറം മറ്റൊന്നിനെ കത്തൊൻ മനുഷ്യന് കഴിഞ്ഞില്ല. അതീത ശക്തിയെ ആവാഹിക്കുമ്പോൾ കൈയെണ്ണങ്ങളും മുഖങ്ങളും പെരുകുന്നെങ്കിലും അത് മനുഷ്യൻ തന്നെയാണ്. ലജ്ജയും വികാരങ്ങളും യൗവ്വന തീഷ്ണതയും വംശാവലികളും മനുഷ്യൻ ദൈവത്തിന് അടിച്ചേൽപ്പിച്ചു. മനുഷ്യന്റെ ഭാവനയിലെ കേടുപാടുകളെ സഹജമായ നിസ്സംഗതയോടെ ദൈവത്തിന് ഏറ്റെടുക്കേിവന്നു.

ദൈവം മനുഷ്യസൃഷ്ടിയാകുമ്പോൾ വിടവുതിുകളും അധികാരാധീശത്വങ്ങളും ഉാകുന്നു. തന്റെ അവകാശരക്ഷയ്ക്ക് അധീശവർഗ്ഗം എപ്പോഴും ദൈവത്തെ കൂട്ടുപിടിച്ചിട്ടേയുള്ളു. വർണ്ണ്യജാതീയതകളും തൊലിയുടെ നിറഭേദങ്ങളും മേൽക്കോയ്മകളായി തീരുന്നത് ദൈവനിശ്ചയമല്ല., മനുഷ്യനിശ്ചയം തന്നെയാണ്. ശ്രീസ്പർശമേൽക്കാത്ത, സൃഷ്ടിയോട് നിസ്സംഗയാവാം നമ്മളും. അറിവുകേടിന്റെ ഗത പുലർത്തുന്ന വിതാനത്തിലെവിടെയോ ആണ് ദൈവം. കാരുണ്യവും ക്രോധവും ഇല്ലാത്ത സത്യസ്വരൂപം. ദൈവത്തിന് ഒരു പക്ഷേ മാംസളതയുമില്ലായിരിക്കാം. ഉന്നതാത്മാവായ ദൈവത്തിന്റെ സൃഷ്ടിതന്നെയാവാം നമ്മളും. അറിവുകേടിന്റെ ഇരുട്ടുപാളിയിൽ നിന്ന് സത്യാത്മകതയിലേക്ക് പൊടുന്നനെ ചെന്നെത്താനാവില്ല. തിരിച്ചറിവിന്റെ ഉൾക്കാഴ്ചകൾ വരദാനമായി ലഭിച്ചവർക്കേ സത്യബോധം ഉാകു. ആൾക്കൂട്ടം തിരിച്ചറിവും പരിസരബോധവുമില്ലാത്ത ആടുമാടുകൾ തന്നെയാണ്. നിർണ്ണയാധികാരമില്ലാത്ത അവർക്ക് തിരിച്ചറിവിന്റെ വെളിപാടുകിട്ടിയ ഒരാളെ ആവശ്യമു്. അയാളുടെ കാലടികളെ ഇടപാളാതെ പിൻതുടരുക ആൾക്കൂട്ടത്തിന്റെ യോഗമാണ്. സ്വാത്വികനും ദിശാബോധമുള്ളവനും ഉൾക്കാഴ്ചയുള്ളവനുമായ അവനിൽ തന്നെയാണ് ദൈവീകതയും മനുഷ്യത്വവും.

അക്ഷരവിടവുകൾക്ക് അപ്പുറത്താണ് ആത്മാവിന്റേയും അന്വേഷകന്റെയും ലേകം. നിർബന്ധങ്ങളില്ലാത്ത ജീവിതത്തെ സമീപിക്കുമ്പോൾ ആർക്കും വ്യക്തമായൊരു തെളിച്ചവെളിച്ചമുാകില്ല. സംശയങ്ങൾ ജന്മം മുഴുക്കെ തുടർകണ്ണികളായി നീന്നുവരാം. ഉള്ളതെ തിരിച്ചറിയാനെ മനുഷ്യന് കഴിയൂ. അബദ്ധധാരണകളെ മാറ്റി പണിയുകയും ആവാം. കത്തെലുകൾ പലപ്പോഴും, അബദ്ധധാരണകളുമാവാം. നിർബന്ധങ്ങളില്ലാത്ത സമീപനങ്ങൾ ആത്മീയമായ രൂപവടിവുകളെ നൽകാറില്ല. അത് ഇങ്ങനേയും എങ്ങനേയും ആകാം. ജ്ഞാനവാദമല്ല. അജ്ഞേയവാദമാണ് ദാർശനികതയുടെ ശരിയായ നിലപാടുകൾ. ജനനവും മരണവും സത്യനിഷ്ടമാകുമ്പോഴും ഉന്നതങ്ങളിലെ ദൈവം അദൃശ്യവ്യാഖ്യാനങ്ങളാണ് ദൈവത്തേയും മനുഷ്യജന്മത്തേയും ഭൂമിക്കുമുകളിലെത്തിക്കുമ്പോൾ മനുഷ്യവംശത്തിന്റെ ഭാവനകൾ വിഭ്രാന്തിയടയുന്നു. പലപ്പോഴും അവ സ്വാർത്ഥഭരിതമാവുകയാണ്.

(തുടരും)


SANDEEP DAMODAR
9349414141, 8086441441

For Quality
*Studio Portraits & Out Door Groups, Wedding & Function Flash Photos in Colour - Black & White & Other Photographic Services.....*

# PHOTO SQUARE

M.C. COLLEGE CROSS ROAD, KOZHIKODE - 673001

PHOTOGRAPHY - VIDEOGRA



# Yes Key Electricals & Engineering Works

**Puthiyapalam Calicut**

*K.P. Sunilkumar*

Mob: 9847390950
Ph: 0495-2702073
Resi: 9048594525

# കൊമ്മേരി

## ജ്വല്ലറി



കമ്മത്ത് ലൈൻ, പാളയം റോഡ്
കോഴിക്കോട് – 673 001
ഫോൺ – 2702301, 9847301916

# Shine Motors

റിപ്പയറിംഗ് & പെയിന്റിങ്

കുന്നത്തുപാലം, കോഴിക്കോട് - 14

ഫോൺ: 9349147644



ബുള്ളറ്റുകളുടേയും മറ്റു ഇരുചക്ര വാഹനങ്ങളുടേയും വർക്ഷോപ്പ് പണികളും, പെയിന്റിംഗും ഉത്തരവാദിത്വത്തോടെ കൃത്യസമയത്ത് ചെയ്തുകൊടുക്കുന്നു.

# Safenet Internet Cafe



**Pokkunnu, Calicut - 07**

DTP (Eng, Mal), Online Applications
Exam Results, Video Chatting
Scanning, Browsing
Contact No: 8086068060,
NIDHEESH 9447408584

എല്ലാവിധ പോസ്റ്റ് പെയ്ഡ്, പ്രീ പെയ്ഡ് റീച്ചാർജുകളും ഡി.ടി.പി. റീച്ചാർജുകളും ചെയ്ത്കൊടുക്കുന്നു.

* Silk - Designer Sarees
* Churidar Materials
* Kids Wears
* Mens Wears
* Night Wears
* Other Textile Items




# NAKSHATRA

SILKS & SAREES

P S C Bank Building Pantheerankave
Mob : 9895282675

# ആര് തുണയാകും



ബി.എസ്. പ്രസാദ്



ആർക്ക് ആരെല്ലാം എപ്പോഴൊക്കെ തുണയാകും (ഉപകരിക്കും) എന്ന് മുൻകൂട്ടി പറയാനാവില്ലല്ലോ? ഈ ഒരു കഥയിലൂടെ ആ ഒരു സന്ദേശം (Message)ഉദ്ദേശിച്ച് തുടങ്ങുന്നു.

ഇത് 1980 നു മുമ്പുള്ള ഒരു കാലഘട്ടത്തിന്റെ പരിച്ഛേദം. ഒന്നു മിനക്കെട്ടാൽ ഒരു ശ്രമം നടത്തിയാൽ കാര്യങ്ങൾ കത്തൊം. ജീവിതം തന്നെ ഒരു Challenge ആയി ഏറ്റെടുത്ത് അഥവാ ജീവിതത്തിൽ ഒരു fortune (ഭാഗ്യം) കത്താനായി ഇറങ്ങിത്തിരിച്ച മൂന്ന് പേരറിയാത്ത അഥവാ പേരെടുക്കാത്തവർ, എന്നാൽ പിന്നീട് പ്രശസ്തരായവർ. ഈ മൂവർ സംഘത്തിന്റെ ഭൂത വർത്തമാന കാലത്തേക്ക് നാം നടന്നടുക്കുകയാണ്. തികച്ചും Prudent ആയി ഒന്നിനേയും മറച്ചു പിടിക്കാൻ മിനക്കെടാതെയുള്ള ഒരു സഞ്ചാരം.

സ്വയം ജീവൻ വെടിഞ്ഞ പലരേയും കുറിച്ച് നാം ചർച്ചചെയ്തിട്ടു്, പഠനം നടത്തിയിട്ടു്, തേജോവധം ചെയ്തിട്ടു്, എന്നാൽ അവരിൽ എല്ലാവരേയും ഓർക്കാറില്ല. പക്ഷേ ഒരാൾ ജീവിതത്തിന്റെ വലിയ തുറകളിൽ സ്ഥാനമലങ്കരിക്കുമ്പോൾ അഥവാ ചെന്നെത്തുമ്പോൾ അത് ചർച്ചയാവാറു്. ഗ്രന്ഥങ്ങൾ ഇറങ്ങാറു്. research കൾ വരെ നടക്കാറു്.

ഒരു വ്യക്തിയുടെ ജീവിതം ഒരിക്കലും അയാൾ നിശ്ചയിക്കും പോലെ തികച്ചും ആയിത്തീരാറില്ല. പക്ഷേ സാഹചര്യത്തിന് അനുസരിച്ച് ഒരാൾ ഒരു നിശ്ചിത രൂപം കൊള്ളാറു്. ഇതിനുള്ള ശ്രമത്തിലേക്ക് നാം ഒരു Himalayan Task നടത്തിയാലും ഒരു ചെറുവിരൽ അനക്കിയാലും മറിച്ചും തിരിച്ചും സംഭവിക്കാം.

ഇനി കഥ ആരംഭിക്കാം. ഒരു Upper middle class familyയുടെ സ്വീകരണമുറി. സമയം രാവിലെ Paper time. അണുകുടുംബത്തിൽപ്പെടുത്താം. അച്ഛൻ, അമ്മ, മകൻ, മകൾ. ഓരോരുത്തരും അവരുടെ ദിനചര്യയുടെ വിവിധ അവസ്ഥയിൽ.

അച്ഛൻ എഴുന്നേറ്റ് വരുന്നേയുള്ളു. അമ്മ break fast തിരക്കിൽ, മകൾ അമ്മയെ സഹായിക്കുന്നു. മകൻ ഒരു പത്രക്കാരൻ (Reporter) ഒരു പ്രമുഖ പത്രസ്ഥാനത്തിൽ.

Reporter ചായക്കൊപ്പം പത്രം കയ്യിലെടുത്ത് അലസമായി കാലെല്ലാം നീട്ടി, പത്രം പരതാൻ തുടങ്ങുന്നു. ഉടൻ അയാളുടെ ശ്രദ്ധ ഒരു കോളത്തിൽ ഉടക്കുന്നു. തുടർന്ന് അച്ഛാ..... അമ്മേ...... ച്ഛേ നമ്മുടെ .... നമ്മുടെ, വാക്കുകൾക്കു മീതെ വികാരം കയറി ആക്രമിക്കും പോലെ ചില gestures ൽ തങ്ങി നിൽക്കുന്നു.

ഒരു കലഘട്ടത്തിലെ സിനിമാ industry യുടെ മൊത്തം പ്രതീക്ഷ. പിന്നീട് പ്രായം കൂടിയിട്ടും പിടിച്ചുനിന്നു. ഇന്നും South Cinema യിൽ സ്വന്തമായ ഒരു iconic status ഉള്ള ഒരേ ഒരു വ്യക്തിത്വം. കർമ്മം കൊും രീതികൾകൊും മറ്റുള്ളവർ adore ചെയ്യുന്ന പ്രതിഭ. നിരവധി പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയ അതുല്യ 'നടത്തിന്റെ', 'നടന' രൂപത്തിന്റെ അമൂർത്ത ഭാവം, 'നടന' ത്തിൽ ഒരു different grummer തന്നെ രചിച്ച വ്യക്തിത്വം. പത്രം ആമഹാ പ്രതിഭയെ ശ്ലാഘിക്കുകയാണ്.

മകൻ Paper News വായിച്ച് സ്വയം ചിലത് പിറുപിറുക്കുന്നു. നമ്മുടെ Uncle എത്ര പാവമായിരുന്നു. ആർക്കും എന്തും നൽകുന്നവൻ, എല്ലാവരോടും അവരുടെ കാര്യങ്ങളിൽ empathy കാണിക്കുന്നവൻ, മറ്റുള്ളവരെ Consider ചെയ്യുന്നവൻ, തീർത്തും Down to earth. വലിയ വലിയ സാഹചര്യങ്ങളിലും പഴയതൊന്നും മറക്കാത്തവൻ, അടുപ്പം ഉള്ളവരോട് തെല്ലും ego ഇല്ലാത്തവൻ. എന്നിട്ടും എന്തേ? എന്തുപറ്റി?.......

ഭാര്യയും മകളും തീവ്രദുഃഖത്തിൽ, അച്ഛൻ മറ്റെന്തോ ആലോചിക്കുംപോലെ ........? മകന്റെ Comment: Late News ആണ്. Coverage brief ആണ്. സമയം രാത്രി 02.00 am മറ്റോ ആണ്. suicide? Homicide? ഒരുതരം കുത്തഴിഞ്ഞതു പോലായിരുന്നല്ലോ ജീവിതം. drinks , drugs ഉം എല്ലാം അമിതമായി, കുറച്ചു കാലം ഒരു infirmary യിൽ എന്തെല്ലാം ഉായിട്ടും ഇപ്പോൾ കില്ലേ ഒരു അവസ്ഥ. ഇപ്പോഴത്തെ സത്യാവസ്ഥ എതാണ്. എന്താണ്?

സൂര്യനെപ്പോലെ Film industry യിൽ കത്തിനിന്ന ഒരു കാലഘട്ടം മറ്റധികം പേർക്കും അവകാശപ്പെടാനില്ല. മകൻ അച്ഛനിൽ നിന്ന് details ന് ശ്രമിക്കുന്നു. അച്ഛൻ മറ്റൊരു അവസ്ഥയിൽ ഒരുതരം trance ലകപ്പെട്ടപ്പോലെ. മകൻ പത്രം ഓഫീസിലേക്ക് വിളിച്ച് details ന്

## സെൻ അപ്പോൾസ്റ്ററി വർക്സ്

പഴയപാലത്തിനടുത്ത്, മാങ്കാവ്,
കോഴിക്കോട് - 7



ബൈക്ക്സീറ്റ് കവർ, സോഫാസെറ്റ്.
വർക്കുകൾ മിതമായും കൃത്യമായും
ചെയ്ത്കൊടുക്കുന്നു.

ഫോൺ : ദിലീപ് - 9048451913

## റെയിൽബോ ഫാൻസി & ഫൂട്ട്‌വേർ

ഒളവണ്ണ ജംഗ്ഷൻ
കുന്നത്ത് പാലം

എല്ലാവിധ ഫാൻസി, ഗിഫ്റ്റ്, പാദരക്ഷകൾ,
കളിക്കോപ്പുകൾ എന്നിവ മിതമായ നിരക്കിൽ

ഫോൺ : രവി - 9446342668

## SNEHA Marriage Bureau & Real Estate

Al - mubarack Building,
East kottaparamba,
P.O. Chalappuram clt - 2

Mob: Manoj -9387508708, 8129872760

## AIWA TAILORING

(GENTS)

*Sreevalayanad,*
*Kozhikode - 673007*
*Ph: Baiju : 9037164023*

## വിനായക

വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ

ശ്രീ വളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്

ഫോൺ : പപ്പൻ - 9400741434

## SITHARA DIGITAL STUDIO

*Yatheemkhana Building,*
*Kinassery, Kozhikode -13*
*Mob : C. Ramdas*
*9447635472, 2331860*

## JANCY PRESS

Kommeri, Kozhikode - 7

Mob: 9495305189

## KINETIC WORLD

Manolody complex, Mankave,
Calicut - 673007

Harris Mob : 9895806484

മധുരപലഹാരങ്ങൾ, കോഴിക്കോടൻ ഹൽവ
പലതരം രുചികളിൽ വിൽക്കപ്പെടുന്നു.

## SHIBIN BACK

Kallittanada - Puthiyapalam road
Kozhikode.
Santhosh mob : 9847556937

ഓം നമശിവായ

ദിനേശ് - Mob : 9946309061

## നീലഗിരി പൂജാസ്റ്റോർ

തളിറോഡ് കോഴിക്കോട് - 2

ഫോൺ : 0495 2702176

എല്ലാ പൂജാസാധനങ്ങളും ഇവിടെ കിട്ടും

## Ammu Distributors

Joudha Building, 5/2697H,
